30

# ഭിത്തികൾ ഉടക്കൽ!

## (10:1 - 11:18)

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം, ബർലിനെ കിഴക്കൻ ബർലിനെന്നും പടിഞ്ഞാറെ ബർലിനെന്നും രണ്ടായി വിഭജിച്ചിരുന്നു. 1961–ൽ കമ്മ്യൂണിസ്റ്റുകാർ കിഴക്കൻ ബർലിൻ വിട്ട് ആളുകൾ പോകാതിരിക്കാൻ ദുഷ്കീർത്തിപരമായ ഒരു മതിൽ പണിതു. വർഷങ്ങളോളം, പലരും ആ മതിൽ വഴി രക്ഷപ്പെട്ടു പുറത്തു പോകാൻ ശ്രമിക്കവേ മരണമടഞ്ഞവർ 170–ൽ അധികമായിരുന്നു. ഞാൻ മരിക്കുമ്പോഴും ആ മതിൽ അങ്ങനെ തന്നെ നിൽക്കുമെന്നാണ് ഞാൻ വിചാരിച്ചത്, എന്നാൽ 1989 നവംബറിൽ ബർലിൻ മതിൽ വീണു എന്ന് കേട്ടപ്പോൾ ഞാൻ അതിശയിച്ചു പോയി! വിജയാഹ്ലാദം മുഴക്കിയ ജനക്കൂട്ടത്തെയും വീണ മതിലിന്റെ നുറുങ്ങിയ അവശിഷ്ടങ്ങൾ ആളുകൾ നീക്കം ചെയ്യുന്നതിനേയും ടെലിവിഷനിൽ കാണിടച്ചത് സ്പഷ്ടമായി എന്റെ ഓർമ്മയിൽ ഉണ്ട്.

അത് ചരിത്രം സൃഷ്ടിക്കുന്ന ഒരു സംഭവമായിരുന്നതു പോലെ, അതിലും പ്രാധാന്യമുള്ള സംഭവം: ഒരു ദിവസം യെഹൂദന്മാരും ജാതികളും തമ്മിലുണ്ടായിരുന്നതു നീങ്ങപ്പെട്ടു. പൗലൊസ് ആ സംഭവത്തെ ഈ വാക്കുകളിൽ എഴുതി:

> ആകയാൽ നിങ്ങൾ, മുമ്പെ പ്രകൃതിയാൽ ജാതികളായിരുന്നു, ... ജഡത്തിൽ കയ്യാൽ ഏറ്റ പരിച്ഛേദനക്കാർ എന്ന പേരുള്ളവരാൽ അഗ്രചർമ്മക്കാരെന്നു വിളിക്കപ്പെട്ടിരുന്നു; അക്കാലത്ത് നിങ്ങൾ ക്രിസ്തുവിനെ കൂടാതെ ഉള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധം ഇല്ലാത്തവരും വാഗ്ദത്തത്തിന്റെ ... നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്ന് ഓർത്തുക്കൊൾവിൻ, [ജാതികൾ] മുമ്പെ ദൂരസ്ഥരായിരുന്ന ... നിങ്ങൾ ഇപ്പോൾ ക്രിസ്തു യേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു. അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും [അതായത്., ജാതികളേയും യെഹൂദന്മാരെയും] ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി, *വേർപ്പാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞതു* സമാധാനമുണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിപ്പാനും ക്രൂശിൻമേൽ വച്ച് ശത്രുത്വം ഇല്ലാതാക്കി അതി

നാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോടു നിരപ്പിപ്പാനും [അതായത്., സഭ[1]] തന്നെ ... അവൻ ദൂരത്തായിരുന്ന നിങ്ങൾക്ക് [ജാതികൾ] സമാധാനവും സമീപത്തുള്ളവർക്ക് സമാധാനവും സുവിശേഷിച്ചു. അവൻ മുഖാന്തരം നമുക്ക് ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനമുണ്ട് ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരും [കുടുംബം] അത്രേ (എഫെസ്യർ 2:11-19; എംഫസിസ് മൈൻ).

പഴയ നിയമ ന്യായപ്രമാണങ്ങളാകുന്ന – അതായത്, "ചട്ടങ്ങളും കല്പനകളും" എന്നത് യെഹൂദന്മാരെയും ജാതികളേയും "വേർപിരിക്കുന്ന ചുമർ" – ആയിരുന്നു. മോശെ മുഖാന്തരം യെഹൂദന്മാർക്കായി ഒരു പ്രത്യേക നിയമം മശിഹയെ ലോകത്തിലേക്ക് കൊണ്ടു വരാൻ ദൈവം കൊടുത്തു (ഗലാത്യർ 3:16, 19, 24, 25). ജാതികളെ ആ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിരുന്നില്ല,[2] ന്യായപ്രമാണം യെഹൂദന്മാർക്കും ജാതികൾക്കും ഇടയിൽ ഒരു അഭേദ്യമായ ചുമരായി നിന്നു. ആ വേർപ്പാട് ഇടിച്ചു കളയാനാണ് യേശു വന്നത്. അവൻ ക്രൂശിൽ മരിച്ചപ്പോൾ, "*എല്ലാവർക്കും* വേണ്ടി മരണം ആസ്വദി[ച്ചു]" – യെഹൂദനും ജാതിക്കും ഒരുപോലെ (എബ്രായർ 2:9; എംഫസിസ്മൈൻ). "വേർപാട് ചുമർ" എന്ന ന്യായപ്രമാണം നിയമപരമായി യേശുവിന്റെ മരണത്താൽ "നീക്കം ചെയ്തു."

കാൽവരിയിൽ വെച്ചു *സൈദ്ധാന്തികമായി* യെഹൂദന്മാരും ജാതികളും തമ്മിലുള്ള മതിൽ ഇടിച്ചെങ്കിലും, അതു *പ്രായോഗികമായി* വീണതു കൈസര്യയിൽ ആയിരുന്നു. വേറൊരു വിധത്തിൽ പറഞ്ഞാൽ, ലൂക്കൊസ് 23-ൽ[3] *ദൈവ*മനസ്സിൽ മതിൽ ഇടിഞ്ഞു, എന്നാൽ *മനുഷ്യ* മനസ്സിൽ പ്രവൃത്തി 10 വരെ ഇടിഞ്ഞില്ലായിരുന്നു.

"വേർപെടുത്തിയ ചുമരോട്" യെഹൂദന്മാർ പലതും കൂട്ടിച്ചേർത്തു ബലപ്പെടുത്തിയിരുന്നു എന്നതായിരുന്നു ഭാഗികമായ പ്രശ്നം. അവർ ദൈവം തിരഞ്ഞെടുത്ത ജനമെന്നു ന്യായപ്രമാണം അവരെ പഠിപ്പിച്ചിരുന്നു, അതിനർത്ഥം അവർ ജാതികളേക്കാൾ *ശ്രേഷ്ഠരാണെന്നു* കരുതി. വേർപെട്ടിരിപ്പിൻ എന്നു ന്യായപ്രമാണം പഠിപ്പിച്ചതിനാൽ, അതിനർത്ഥം മറ്റുള്ളവരെ *നിന്ദിക്കണം* എന്നാണെന്നു അവർ കരുതി.[4] പല കാര്യങ്ങളിലും, മനുഷ്യൻ അഹങ്കാരം, ദുരഭിമാനം, ഔചിത്യം എന്നിവ ഉയർത്തിയതു ദൈവം വെച്ചതിനേക്കാൾ തടസ്സങ്ങളായി നിന്നിരുന്നു! ആദ്യസഭയിൽ ദൈവം എങ്ങനെ ഈ നടുച്ചുവർ ഇടിക്കുവാൻ തുടങ്ങി എന്നു പറയുന്നു.

ലൂക്കൊസിന്റെ ആചാരമനുസരിച്ച് അവൻ സംഭവിച്ചതു വീണ്ടും പറയാൻ ആഗ്രഹിച്ചതു കൊണ്ട്, ചില സുപ്രധാന വിവരങ്ങൾ രണ്ടാമത്തെ പ്രാവശ്യം പറയുവാൻ മാറ്റിവെച്ചിരുന്നു. അതുകൊണ്ട്, ഞാൻ, നമ്മുടെ അനുബന്ധ പഠനമായ പ്രവൃത്തി 10, 11-ാം അദ്ധ്യായത്തിലെ വിശദീകരണത്തോടെ പഠിക്കാൻ മാറ്റിവെച്ചിരിക്കുന്നു. ഈ അദ്ധ്യായങ്ങൾ നാം പഠിക്കുമ്പോൾ, ഇന്നു ആളുകൾക്കിടയിൽ ഉയർന്നിട്ടുള്ള തടസ്സങ്ങളെ എങ്ങനെ ഇടിച്ചുകളയാമെന്നു പഠിക്കാം.

## ദൈവത്തിന്റെ ആദ്യപടി: ജാതികളെ തയ്യാറാക്കുകയായിരുന്നു

**(10:1-8, 22, 30-32; 11:13, 14)**

രണ്ടു വ്യക്തികളെ തമ്മിൽ യോജിപ്പിക്കുവാൻ ശ്രമിക്കുമ്പോൾ, ആദ്യം ഓരോരുത്തരോടും തനിയെ സംസാരിക്കുന്നതായിരിക്കും നല്ലതു – രഞ്ജിപ്പിനു തയ്യാറായ വ്യക്തിയുമായി തുടങ്ങുന്നതാവും ഏറ്റവും നല്ല വഴി. അതുകൊണ്ട്, ദൈവം ആദ്യം ജാതികളെ സമീപിച്ചു.

നാം വായിക്കുന്നതു, "കൈസര്യയിൽ ഇത്താലിക എന്ന പട്ടാളത്തിൽ കൊർന്നെല്യോസ് എന്നു പേരുള്ളൊരു ശതാധിപൻ ഉണ്ടായിരുന്നു, അവൻ ഭക്തനും തന്റെ സകല ഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനുമായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു" (10:1). യെഹൂദന്മാരെ സംബന്ധിച്ചു പാലസ്തീനിലെ പ്രധാനപ്പെട്ട സ്ഥലമായിരുന്നു യെരുശലേം, റോമാക്കാരെ സംബന്ധിച്ചു പ്രധാനപ്പെട്ട സ്ഥലം കൈസര്യയായിരുന്നു. അതു റോമാസൈന്യത്തിന്റേയും പാലസ്തീന്റെ[5] നാടുവാഴിയുടേയും തലസ്ഥാനമായിരുന്നു. മഹാനായിരുന്ന ഹെരോദാവ് അതു പുനനിർമ്മാണം നടത്തി അഗസ്തോസ് കൈസർ എന്നു പുന:നാമകരണം ചെയ്യുകയും ചെയ്തു. മാർബിൾ കൊണ്ടുണ്ടാക്കിയ രൂപങ്ങളും നിറഞ്ഞ വീഥികളും കൊണ്ട് പട്ടണം മനോഹരമാക്കിയിരുന്നു. എങ്കിലും, ദൈവം മാർബിളിലിലൊന്നിലും താല്പര്യപ്പെടുന്നില്ല; അവൻ താല്പര്യപ്പെട്ടതു ഒരു മനുഷ്യനിലായിരുന്നു – കൊർന്നെല്യോസ് എന്ന മനുഷ്യൻ.

ഒറ്റ നോട്ടത്തിൽ, ജാതിയിലുള്ള ആദ്യത്തെ പരിവർത്തകൻ ആയിത്തീരുവാൻ യോജിച്ചവനായി തോന്നുകയില്ല: അവൻ ഒരു സൈനികനായിരുന്നു, ആത്മീയമായി സാധാരണ സൈനികർ പ്രതികരിക്കാറില്ല. "ഇത്താലിക എന്ന പട്ടാളത്തിൽ ശതാധിപനായിരുന്നു" കൊർന്നെല്യാസ്. ഒരു "പട്ടാളം" എന്നതു അറുന്നൂറിനും ആയിരത്തിനും ഇടയ്ക്കു പടയാളികൾ അടങ്ങുന്ന കൂട്ടമാണ്.[6] "*ഇത്താലിക* പട്ടാളം" എന്നതു ഇറ്റാലിയിൽ തിരഞ്ഞെടുത്ത ഇറ്റലിക്കാരായിരുന്നു ആരംഭത്തിൽ എന്താണ് സൂചിപ്പിക്കുന്നത്.[7] കൊർന്നെല്യോസ്, ലത്തീൻ പേരാണ്[8] അയാളും ഇറ്റലിക്കാരനെന്നു പറയപ്പെടുന്നു. "ഒരു ശതാധിപൻ" എന്ന നിലയിൽ, നൂറു സൈനികരുടെ ഉത്തരവാദിത്വമുള്ള ഓഫീസറായിരുന്നു.[9]

റോമൻ സൈന്യാധിപനായിരുന്നിട്ടു പോലും, കൊർന്നെല്ല്യേസ് *നല്ലൊരു മനുഷ്യനായിരുന്നു.* ചിലപ്പോൾ നല്ല ആളുകൾ മോശമായ സ്ഥലത്തു കാണും. വാസ്തവത്തിൽ, അവൻ അപൂർവ്വമായി നല്ല മനുഷ്യനായുരുന്നു: 10:2–ൽ നാം വായിക്കുന്നതു "അവൻ ഭക്തിയുള്ളവനായിരുന്നു എന്നാണ്, തന്റെ ഭവനം മുഴുവനും, ദൈവത്തെ ഭയപ്പെട്ടിരുന്നു, ധാരാളം ധർമ്മം യെഹൂദന്മാർക്ക് കൊടുക്കയും ചെയ്തിരുന്നു, തുടർച്ചയായി ദൈവത്തോട് പ്രാർത്ഥിക്കയും ചെയ്തിരുന്നു എന്നുമാണ്." പിന്നെ അവന്റെ ദാസന്മാർ അവനെക്കുറിച്ചു പറഞ്ഞു, "നീതിമാനും ദൈവഭക്തനും യെഹൂദന്മാരുടെ സകല ജാതിയാലും നല്ല സാക്ഷ്യം കൈവരും" എന്ന് (10:22). ഈ റോമൻ ഉദ്യോഗസ്ഥൻ അന്യദേവന്മാരെ ആരാധിച്ച മതത്തിൽ മനം മടുത്തു സത്യദൈവത്തിലുള്ള വിശ്വാസത്ത

ിലേക്കു തിരിഞ്ഞിരുന്നു. അവൻ "ദൈവത്തെ ഭയപ്പെട്ടിരുന്നവൾ" ആയിരുന്നു[10] – യെഹോവയിൽ വിശ്വസിച്ച ജാതിയിൽപ്പെട്ടവൻ, ന്യായപ്രമാണ വിശ്വാസത്തെയും ധാർമ്മികതയെയും മുറുകെപ്പിടിച്ചവർ യെഹൂദമതാനുസാരിയാകാൻ പക്ഷെ പരിഛേദന[11] കഴിഞ്ഞിട്ടില്ലായിരുന്നു.

ഒരു ഉച്ച കഴിഞ്ഞ് കൊർന്നെല്യേസ് പ്രാർത്ഥിക്കയായിരുന്നു.[12] ഉച്ച കഴിഞ്ഞ് 3.00 മണിയായി, അതു യെഹൂദന്മാരുടെ "പ്രാർത്ഥനാ മണികളിൽ ഒന്നായിരുന്നു."[13] പെട്ടെന്നു, "ശുഭ്രവസ്ത്രം ധരിച്ചൊരു പുരുഷൻ എന്റെ മുമ്പിൽ [നിന്നു]" (10:30)!

> അവൻ പകൽ ഏകദേശം ഒമ്പതാം മണി നേരത്തു[14] ഒരു ദർശനത്തിൽ ഒരു ദൈവദൂതൻ തന്റെ അടുക്കൽ അടുത്തു വരുന്നതു, സ്പഷ്ടമായി കണ്ടു,[15] "കൊർന്നെല്ല്യോസേ!" എന്നു തന്നോടു പറയുന്നതു കേട്ടു. അവൻ അവനെ ഉറ്റു നോക്കി ഭയപരവശനായി,[16] "എന്താകുന്നു, കർത്താവേ?"[17] എന്നു ചോദിച്ചു. അവൻ അവനോട്, "നിന്റെ പ്രാർത്ഥനയും ധർമ്മവും ദൈവത്തിന്റെ മുമ്പിൽ എത്തിയിരിക്കുന്നു" (10:3, 4).

യാഗപീഠത്തിൽ നിന്നു പുക ഉയരുന്നതു പോലെ, കൊർന്നെല്യോസിന്റെ പ്രാർത്ഥനകളും ധർമ്മങ്ങളും ദൈവസന്നിധിയിലേക്കു ഉയർന്നു.[18] പിന്നീട്, ദൂതൻ പറഞ്ഞതു കൊർന്നെല്യോസ് ശ്രദ്ധിച്ചു, "കൊർന്നെല്യേസേ, ദൈവം നിന്റെ പ്രാർത്ഥന കേട്ടു നിന്റെ ധർമ്മം ഓർത്തിരിക്കുന്നു" (വാക്യം 31).

"ക്രിസ്ത്യാനിയാകാത്ത ഒരാളുടെ പ്രാർത്ഥന ദൈവം കേൾക്കുമോ?" എന്ന ചോദ്യം, ചിലയവസരങ്ങളിൽ ചോദിച്ചിട്ടുണ്ട്. യോഹന്നാൻ 9:31 ഉദ്ധരിക്കാൻ പ്രേരിതനാകുന്നു – "പാപികളുടെ പ്രാർത്ഥന ദൈവം കേൾക്കുന്നില്ല എന്നു നാം അറിയുന്നു"[19] – ലളിതമായ ഉത്തരം, "ഇല്ല" എന്നത്. കൊർന്നെല്യേസിന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നു പറഞ്ഞിരിക്കുന്നതിൽ, പ്രാർത്ഥിക്കുന്ന വ്യക്തി "എങ്ങനെയുള്ള ആളാണ് എന്തിനു വേണ്ടി പ്രാർത്ഥിക്കുന്നു എന്നതിനെ ആസ്പദമാക്കിയാണ് ഉത്തരം നല്കുന്നത്." അയാൾ കൊർന്നെല്യേസിനെപ്പോലെയുള്ള ആളാണെങ്കിൽ, കർത്താവിനെ അന്വേഷിക്കുന്നുവെങ്കിൽ, ദൈവസന്നിധി സ്വീകാര്യമായി പ്രാർത്ഥന മുറിപ്പെടുത്താതെ സഹായിക്കുന്നതാകും[20] – *ദൈവവചനം* നമ്മെ രക്ഷിക്കുമെന്ന തിരിച്ചറിവുണ്ടാകണമെന്നു മാത്രം (11:14). എന്നാൽ, സുവിശേഷം അനുസരിക്കാതെ, അതിനപ്പുറമായി ദൈവം രക്ഷിക്കേണ്ടതിനു പ്രാർത്ഥിച്ചാൽ ദൈവത്തിനു കേൾക്കാൻ കഴിയുകയില്ല[21] *അങ്ങനെയുള്ള* പ്രാർത്ഥന കേൾക്കുകയുമില്ല![22]

കൊർന്നെല്യേസിന്റെ പ്രാർത്ഥന ദൈവം കേട്ടു എന്നു പറഞ്ഞ ശേഷം, ദൂതൻ ശതാധിപനു നിർദേശങ്ങൾ കൊടുക്കുന്നു: "ഇപ്പോൾ യോപ്പയിലേക്കു ആളയച്ചു, പത്രൊസ് എന്നു മറുപേരുള്ള; ശിമോനെ വരുത്തുക, അവൻ തോൽക്കൊല്ലനായ ശിമോൻ എന്നൊരുവനോടു കൂടെ പാർക്കുന്നു, അവന്റെ വീട് കടല്പുറത്തു ആകുന്നു എന്നു പറഞ്ഞു" (10:5, 6).[23] 10:22 അനുസരിച്ച്, പത്രൊസിനെ വരുത്തുവാനു

ണ്ടായ കാരണം "[അവനിൽ] നിന്നും സന്ദേശം കേൾക്കുവാനായിരുന്നു" 11-ാം അദ്ധ്യായത്തിൽ നാം കാണുന്നതു ദൂതൻ കൊർന്നെല്യോസിനോടു പറഞ്ഞു, "നീയും നിന്റെ ഗൃഹം മുഴുവനും രക്ഷിക്കപ്പെടുവാനുള്ള, വാക്കുകളെ[24] അവൻ നിന്നോടു സംസാരിക്കും" (വാക്യം 14).

10:2–ൽ പറഞ്ഞ യോഗ്യതകൾ ഉണ്ടായിരുന്ന ഒരാളുടെ മരണാനന്തര സംസ്ക്കാരത്തിൽ ഒരു ദൂതൻ കഴിഞ്ഞ ദിവസം തനിക്കു പ്രത്യക്ഷനായി, ദൈവം അവന്റെ പ്രാർത്ഥനയിലും സൽപ്രവൃത്തിയിലും ദൈവസന്നിധിയിൽ എത്തി എന്ന് ദൂതൻ പ്രത്യക്ഷനായി എന്നതു, സദസ്സ്യർക്കു തീർച്ചയായും "ഇതെന്തു വിശിഷ്ട മനുഷ്യൻ! എന്നു ആർത്തു വിളിച്ചിരിക്കും, ആരെങ്കിലും സ്വർഗ്ഗത്തിൽ പോയിട്ടുണ്ടെങ്കിൽ, അവൻ പോയിരിക്കും!" എങ്കിലും, അവന്റെ മറ്റൊരു സ്വാഭാവവും കൂടെ പറഞ്ഞിട്ടുണ്ട്: അവന് *നഷ്ടപ്പെട്ടിരുന്നു*, അവൻ പാപത്തിൽ നഷ്ടപ്പെട്ടവനായിരുന്നു![25] ദൂതന്റെ വാക്കുകൾ ശ്രദ്ധിക്കുക: "നീയും നിന്റെ ഗൃഹം ഒക്കെയും *രക്ഷിക്കപ്പെടുവാനുള്ള* വാക്കുകളെ അവൻ [പത്രൊസ്] നിന്നോട് അറിയിക്കും."[26]

ഇന്നത്തെ ചിലരെപ്പോലെയായിരുന്നു കൊർന്നെല്യോസ് എങ്കിൽ, അവൻ രക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു പറഞ്ഞപ്പോൾ കളിയാക്കുമായിരുന്നു: "ഞാൻ നഷ്ടപ്പെട്ടവൻ എന്നു പറയാൻ നിനക്ക് എങ്ങനെ ധൈര്യം വന്നു! ആരോടെങ്കിലും ഒന്നു ചോദിച്ചു നോക്കൂ, ഞാൻ എത്ര നല്ലവനാണെന്ന്, എത്ര ഭക്തനാണെന്ന്!" ഈ ശതാധിപന്നു, എങ്ങനെയായാലും, *എളിമ* എന്ന, മറ്റൊരു സ്വഭാവവിശേഷണം കൂടെയുണ്ട്. അയാൾ തന്റെ നന്മയിൽ പിടിച്ചു തൂങ്ങിയില്ല, പക്ഷെ വാസ്തവത്തിലുള്ള പട്ടാളച്ചിട്ടയിൽ ഉടനെ അനുസരിച്ചു:

> അവനോടു സംസാരിച്ച ദൂതൻ പോയശേഷം, അവൻ തന്റെ വേലക്കാരിൽ രണ്ടു പേരെയും തന്റെ അടുക്കൽ അകമ്പടി നിൽക്കുന്നവരിൽ ദൈവഭക്തനായോരു പടയാളിയേയും[27] വിളിച്ചു, സകലവും വിവരിച്ചു പറഞ്ഞു യോപ്പയിലേക്കു അയച്ചു (10:7, 8).

വൈകുന്നേരം ആരെയെങ്കിലും, കൊർന്നെല്യോസ് മുപ്പതുമൈൽ അകലെയുള്ള യോപ്പയിലേക്കു ആളയച്ചു. ഇന്നു കാറിൽ, മുപ്പതുമൈൽ സഞ്ചരിക്കുക എന്നു പറഞ്ഞാലൊന്നുമല്ല. വൈകുന്നേരം 4 മണിക്കു പുറപ്പെട്ടാലും, യോപ്പയിൽ പോയി, പത്രൊസിനേയും വിളിച്ചു, വൈകുന്നേരത്തെ ഭക്ഷണത്തിനു മുൻപു തന്നെ കൈസര്യയിൽ എത്താം; എന്നാൽ ഈ മൂന്നു പുരുഷന്മാർക്ക് മണിക്കൂറുകൾ കഠിനയാത്ര നടത്തേണ്ടിയിരുന്നു.[28]

പിന്നെ, പത്രൊസ് വന്നപ്പോൾ, അവൻ കൊർന്നെല്യോസിനോടു പറഞ്ഞു, "എന്നാൽ എന്നെ വിളിപ്പിച്ച സംഗതി എന്തു എന്നു അറിഞ്ഞാൽ കൊള്ളാം എന്നു പറഞ്ഞു" (10:29). പല വിധത്തിൽ നമുക്ക് ഈ പ്രസക്തമായ ചോദ്യം ചോദിച്ച് ദൈവം കൊർന്നെല്യസിനെ രക്ഷിക്കുന്നതിന്റെ പ്രധാന സത്യം നമുക്ക് ഗ്രഹിക്കാം. "എന്തുകൊണ്ട് *ഏതെങ്കിലും* പുരുഷന്മാരെ അയച്ചു?" ദൂതൻ അവിടെയുണ്ടായിരുന്നല്ലൊ; കൊർന്നെല്യാസ് എങ്ങനെ രക്ഷിക്കപ്പെടും എന്നു ദൂതൻ എന്തുകൊണ്ട്

പറഞ്ഞില്ല? രക്ഷിക്കപ്പെടാൻ എന്തുചെയ്യണമെന്ന് ദൂതൻ കൊർന്നല്യോസിനോടു പറയാതിരുന്ന കാരണമാണ്, പ്രവൃത്തി 8 ലെ ഷണ്ഡനോട് ആത്മാവും ദൂതനും പറയാതിരുന്നതിനുണ്ടായിരുന്നത്, ശൗലിനു യേശു പ്രത്യക്ഷനായപ്പോൾ എന്തു ചെയ്യണമെന്ന് അവനോടു പറയാതിരുന്ന കാരണവും ഒന്നു തന്നെ (9:6): സുവിശേഷത്തിന്റെ "നിധി" ഏൽപ്പിച്ചിരിക്കുന്നതു, *ക്രിസ്ത്യാനികളാകുന്ന*, ''മൺപാത്രങ്ങളിലാണ്'' (2 കൊരിന്ത്യർ 4:7). യേശു മഹത്തായ ആജ്ഞ കൊടുത്തതു ദൂതന്മാർക്കല്ല, മനുഷ്യർക്കായിരുന്നു. "നിരപ്പിന്റെ ശുശ്രൂഷ," "നിരപ്പിന്റെ വചനം," സ്വർഗ്ഗീയ സൈന്യത്തെയല്ല, മനുഷ്യരെയാണ് ഏല്പിച്ചത് (2 കൊരിന്ത്യർ 5:18, 19). പ്രവൃത്തികളുടെ പുസ്തകത്തിലെ, പരിവർത്തനങ്ങളിൽ ചിലതിൽ അത്യുത മൂലകങ്ങൾ ഉണ്ടെങ്കിലും,[29] *ആളുകൾ* ആണ് മറ്റുള്ളവർ രക്ഷിക്കപ്പെടേണ്ടതിനു എന്തുചെയ്യേണമെന്നു പറയുന്ന ഏർപ്പാടിനു ദൈവം ഒരിക്കലും മാറ്റം വരുത്തിയിട്ടില്ല! രക്ഷിക്കുന്നതിനു വേണ്ടിയായിരുന്നില്ല ദൂതൻ കൊർന്നെല്യോസിനു പ്രത്യക്ഷനായത്, മറിച്ച് ഉപദേഷ്ടാവിനേയും പാപിയേയും സന്ധിപ്പിക്കുക എന്നതിനായിരുന്നു ഈ ദൈവിക ഇടപെടൽ ഇല്ലായിരുന്നെങ്കിൽ ഒരു യെഹൂദനെ കൊർന്നെല്യോസ് തന്റെ വീട്ടിലേക്ക് ക്ഷണിക്കുമായിരുന്നില്ല.

രണ്ടാമതു, ആ ചോദ്യം നമുക്കു പുനഃപ്പദയോഗം നടത്തി നോക്കാം: കൊർന്നെല്യോസിനോടു രക്ഷിക്കപ്പെടുവാൻ ഉള്ള രക്ഷാ വചനം ഏതെങ്കിലും ഉപദേഷ്ടാവ് അവനോടു പ്രസംഗിക്കണമെങ്കിലും, എന്തുകൊണ്ടാണ് *പത്രൊസിനെ*ത്തന്നെ വരുത്തുവാൻ കൊർന്നെല്യോസിനോട് പറഞ്ഞത്? പത്രൊസ് മുപ്പതുമൈൽ അകലെയാണ്, പക്ഷെ ചുരുങ്ങിയതു ഒരു ദൈവശ്വാസിയനായ, ഫിലിപ്പൊസ്,[30] എന്ന ഉപദേഷ്ടാവ് കൈസര്യയിൽ ഉണ്ടായിരുന്നുവല്ലോ. എന്തുകൊണ്ട് ആളെ യോപ്പയിലേക്കു അയച്ചു പത്രൊസിനെ വരുത്തി? ഇതിനു ഉത്തരം കണ്ടെത്താൻ, നമുക്കു യേശു പത്രൊസിനു നല്കിയ വാഗ്ദാനം നോക്കണം: "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു" (മത്തായി 16:19). രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നു ആദ്യമായി പറഞ്ഞപ്പോൾ പ്രവൃത്തി 2–ൽ ആ താക്കോൽ അവൻ ഉപയോഗിച്ചു (2:38). ആ സമയത്തു, എങ്ങനെയായാലും, ഒരു ഭാഗം മനുഷ്യർക്കു മാത്രമെ പ്രവേശനം അനുവദിച്ചുള്ളു; യെഹൂദന്മാർ മാത്രം സ്നാനമേറ്റു. പ്രവൃത്തി 10–ൽ പത്രൊസിനു വാതിൽ മുഴുവൻ തുറക്കുന്നതിനുള്ള അവസരമാണ് ലഭിച്ചത് – യെഹൂദന്മാരല്ലത്തവരേയും സഭയിലേക്കു ക്ഷണിച്ചു! പല വർഷങ്ങൾക്കു ശേഷം, ഈ സംഭവത്തെക്കുറിച്ചു പത്രൊസ് സംസാരിച്ചു: "സഹോദരന്മാരേ, കുറേ നാൾ മുമ്പേ ദൈവം നിങ്ങളിൽ വെച്ചു, *ഞാൻ* മുഖാന്തരം ജാതികൾ സുവിശേഷ വചനം കേട്ടു വിശ്വസിക്കേണം എന്നു നിശ്ചയിച്ചതു നിങ്ങൾ അറിയുന്നുവല്ലൊ'' (15:7; എംഫസിസ്മെൻ).[31] പത്രൊസിനെ ആളയച്ചു വരുത്തുവാൻ ദൈവം പറഞ്ഞതിന്റെ കാരണം ശതാധിപൻ രക്ഷിക്കപ്പെടുവാൻ സംസാരിക്കേണ്ടതു പത്രൊസ് എന്നു ദൈവം തിരഞ്ഞെടുത്തിരുന്നു എന്നതാണ്.

പാപി തയ്യാറായി; ഇപ്പോൾ ദൈവം ഉപദേഷ്ടാവിനെ തയ്യാറാക്കേണ്ടി വന്നു.

## യെഹൂദന്മാരെ തയ്യാറാക്കുക: ദൈവത്തിന്റെ രണ്ടാമത്തെ ചുവട് (10:9-23, 34, 35; 11:5-12)

9–ാം വാക്യത്തിൽ രംഗം യോപ്പയിലേക്കു മാറുന്നു. അടുത്ത ദിവസം ഉച്ചയോടെ, കൊർന്നെല്യോസ് അയച്ച മൂന്നു പേർ പട്ടണത്തോടടുത്തു. രാത്രിയിൽ അധികസമയവും നടന്നെങ്കിലേ അത്ര പെട്ടെന്ന് അവർക്ക് അവിടെ എത്താൻ കഴിയു. ആ ക്ഷീണിതരായ സന്ദേശവാഹകർ യോപ്പയിലേക്കു കടക്കുമ്പോൾ, ദൈവം പത്രൊസിനെ അവരെ സ്വീകരിക്കാൻ ഒരുങ്ങുകയാണ്. "പിറ്റെന്നാൾ, അവർ യാത്ര ചെയ്തു, പട്ടണത്തോടു സമീപിക്കുമ്പോൾ, പത്രൊസ് ആറാം മണി[32] നേരത്തു പ്രാർത്ഥിപ്പാൻ വെൺമാടത്തിൽ കയറി" (10:9).

പത്രൊസ് അപ്പൊഴും തോല്കൊല്ലനായ ശിമോന്റെ വീട്ടിലായിരുന്നു – അപ്പൊസ്തലൻ എത്തിയതോടെ അതൊരു കൂടി വരുന്ന ഭവനമായിത്തീർന്നു എന്നു സംശയരഹിതമായി പറയാം. ഉച്ചയോടടുത്ത്, പത്രൊസ് ഏകാന്തമായി ദൈവവുമായി ഇരിക്കുവാൻ, മാളികമുറിയിലേക്കു പോയി. അക്കാലത്തു, നിരപ്പായ മേൽക്കൂരയായിരുന്നു വീടുകളുടേത്,[33] അതു പഴങ്ങൾ ഉണ്ടാക്കുന്നതിനും, വേനൽക്കാലത്തു കിടന്നുറങ്ങുന്നതിനും, സ്വകാര്യമായി ഉപയോഗിക്കുന്നതിനും ആയിരുന്നു: ഒരു യെഹൂദ പരിശീലനം എന്ന രീതിയിൽ, പത്രൊസ് 12 മണിക്കു പ്രാർത്ഥിക്കുമായിരുന്നു (സങ്കീർത്തനങ്ങൾ 55:17; ദാനിയേൽ 6:10), ക്രിസ്ത്യാനിയായ ശേഷവും ആ പരിശീലനം തുടർന്നു. അതു *ഒരു* ചടങ്ങായിട്ടല്ലെങ്കിൽ പ്രാർത്ഥിക്കുന്നതു ശരിയുമാണ്.

പത്രൊസിന്റെ പ്രാർത്ഥനയിലെ ഉള്ളടക്കം നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷെ തുടർന്നും ധൈര്യത്തോടെ പ്രസംഗിപ്പാൻ പ്രാഗത്ഭ്യത്തിനായിട്ടായിരിക്കാം പ്രാർത്ഥിച്ചത്.[34] ഒരുപക്ഷെ പുതിയ അവസരത്തിനു വാതിൽ തുറക്കേണ്ടതിനാകാം പ്രാർത്ഥിച്ചത് (14:27). രണ്ടാമതു പറഞ്ഞതിനു വേണ്ടിയായിരുന്നു. അവൻ പ്രാർത്ഥിച്ചതെങ്കിൽ, വീണ്ടും കാത്തിരിക്കാതെ ഉടനെ മറുപടിയും കിട്ടാൻ പോകുന്നു!

അവൻ പ്രാർത്ഥിക്കുമ്പോൾ, "അവൻ വളരെ വിശന്നിട്ടു, ഭക്ഷിപ്പാൻ ആഗ്രഹിച്ചു അവർ ഒരുങ്ങുമ്പോഴേക്കു അവന്നു ഒരു വിവശത വന്നു"[35] (10:10). KJV യിൽ പറയുന്നതു "അവന്നു *വളരെ* വിശപ്പുണ്ടായിരുന്നു" എന്നാണ്, (എംഫസിസ്മൈൻ.) അതു ഈ പോയിന്റിൽ പത്രൊസിന്മേലുള്ള ദൈവത്തിന്റെ തുടക്കമായിരുന്നു. നിങ്ങൾ ആരെയെങ്കിലും പഠിപ്പിക്കുമ്പോൾ, അയാൾ എവിടെയോ അവിടെ ആരംഭിക്കുക.

താഴെയുണ്ടായിരുന്നവർ ആഹാരം പാചകം ചെയ്യാൻ തുടങ്ങി,[36] പക്ഷെ പത്രൊസ് മുട്ടിന്മേൽ നിന്നു,[37] പ്രാർത്ഥിച്ചുകൊണ്ടിരുന്നു (11:5 നോക്കുക). "അവർ ഒരുക്കുന്നതിനിടയിൽ, അവൻ വിവശതയിലായി" (10:10). "വിവശതയിലായി" എന്നാൽ പിന്നെ സംഭവിച്ചതു പത്രൊസ് *ഊഹിച്ചു* എന്നതല്ല. "ട്രാൻസ്" എന്നതു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്ന വാക്ക് "എക്സറ്റസി"[38] എന്നാണ്. പത്രൊസിന്റെ ഇന്ദ്രിയങ്ങളെ *ഉയർത്തി* എന്നാണ് സൂചിപ്പിച്ചത്, ദൈവത്താൽ അപ്പൊസ്തലനു ശക്തമായ ഒരു പ്രകടനം വിടുകയായിരുന്നു. കൂടുതൽ വ്യക്തമാകുന്നതിന്റെ നാം റേഡിയോയുടെ ട്യൂണിങ് തിരിക്കുന്ന

തുമായി താരതമ്യം ചെയ്യാം.

"ആകാശം തുറന്നിരിക്കുന്നതും, വലിയൊരു തൂപ്പടിപോലെ നാലു കോണും കെട്ടിട്ടു, ഭൂമിയിലേക്കു ഇറക്കി വിട്ടോരു പാത്രം വരുന്നതും അവൻ കണ്ടു" (10:11). ചില എഴുത്തുകാർ പത്രോസിന്റെ ദർശനത്തിന്റെ ഭാഗം ആയിതീരുന്ന വലിയൊരു തുണികൊണ്ടുള്ള ഷീറ്റ് കണ്ടെത്തണം എന്നു വിശ്വസിക്കുന്നു: ഒരു മേലാപ്പ് മേൽതട്ടിൽ അല്ലെങ്കിൽ അടുത്തുള്ള കപ്പൽപ്പായ് *ദി കോട്ടൺ പാച്ച്വെർഷൻ* കൂടുതൽ അർത്ഥവത്താക്കുന്നത്: "യാത്രക്കോപ്പ് പോലെയുള്ള നാലുകോണുള്ള വലിയ ഒരു *മേശവിരി* തറയോളം ഇറങ്ങുന്നതു ... അവൻ കണ്ടു"![39] (എംഫസിസ്മൈൻ.) അതിനുശേഷം, പത്രൊസിനു *വളരെ* വിശപ്പുണ്ടായിരുന്നു! പത്രൊസിന്റെ മനസിൽ ഉടനെ കാഴ്ചക്കായി ഷീറ്റ് വരേണ്ട കാര്യമില്ല. പത്രൊസ് മരുന്നടിച്ചിരിക്കയില്ല; അവന് *ദൈവത്തിൽ* നിന്ന് ദർശനം കിട്ടുകയായിരുന്നു (11:5).

സ്വർഗ്ഗത്തിൽ നിന്നു ഇറക്കിയ തൂപ്പടി പത്രൊസിന്റെ മുൻപിൽ ഇറക്കുകയായിരുന്നു (11:5). അവൻ അതിൽ അടുത്തതോടെ സൂക്ഷിച്ചു നോക്കി (11:6): "അതിൽ ഭൂമിയിലെ സകലവിധ നാൽക്കാലികളും [ഇഴ ജാതിയും[40]] [വന്യമൃഗങ്ങളും[41]] ആകാശത്തിലെ പറവകളും ഉണ്ടായിരുന്നു" (10:12) – ഭൂമിയിലെ എല്ലാത്തരം മൃഗങ്ങളുടെയും പ്രതിനിധികൾ.[42] യെഹൂദൻമാർക്കു "വിശുദ്ധിയുള്ള" മൃഗങ്ങൾ, പശു, ആട്, കോലാട്, എന്നിവ.[43] യെഹൂദന്മാർക്കു "അശുദ്ധം" എന്നുള്ള മൃഗങ്ങളെ, ഒട്ടകം, പന്നി, സിംഹം മുതലായവ! എന്തൊരു കാഴ്ച്ച – എന്തൊരു ബഹളം! ലോകത്തിലെ ഏറ്റവും വലിയ ബെഡ്ഷീറ്റിലേക്കു നോഹയുടെ പെട്ടകത്തിലുണ്ടായിരുന്നവയെ പുറത്തിടുന്നതുപോലേയിരുന്നു!

ഉയരത്തിൽ നിന്നു ഒരു ശബ്ദം[44] ഉണ്ടായി: "പത്രോസേ, എഴുന്നേറ്റു, അറുത്തു തിന്നുക!" (10:13). വേറൊരു വിധത്തിൽ പറഞ്ഞാൽ, "പത്രോസേ, നിനക്കു വിശപ്പുണ്ടെന്നെനിക്കറിയാം, അതുകോണ്ട് ഇതാ സ്മോർഗാസ് ബോർഡ്[45] സ്വർഗ്ഗത്തിൽ നിന്നു നേരിട്ടുള്ളതാണ്. നിനക്കു ബോധിച്ചതു തിരഞ്ഞടുക്കുക, ഉച്ചഭക്ഷണത്തിന് ഉപയോഗിക്കുക!" ഇതൊരു *ദർശനമാകയാൽ,* പത്രൊസ് എങ്ങനെ അറുത്തുതിന്നുമെന്നു ഓർത്തു വ്യാകുലപ്പെടേണ്ട. ഒരു തരത്തിൽ: അപ്പോൾ പത്രൊസ് "എഴുന്നേറ്റു, അറുത്തു തിന്നുകയില്ല"! അശുദ്ധ മൃഗങ്ങളെ അവൻ ഒരിക്കലും കൊന്നു തിന്നുകയില്ല. കൂടാതെ ശുദ്ധ മൃഗങ്ങളോടൊപ്പം അശുദ്ധ മൃഗങ്ങളു ഉള്ളതുകൊണ്ട് അവ മലിനപ്പെടാനും ഇടയുണ്ട്. അതിനു പുറമെ ശുദ്ധ മൃഗങ്ങൾ കൊന്നു തിന്നോടെ വിധം "കോഷെർ"[46] ആയിരുന്നതു അപ്പോൾ നിർവ്വഹിക്കാനും കഴിയില്ല. ന്യായപ്രമാണം ഉപദേശിക്കുന്ന ശുദ്ധവും അശുദ്ധവുമായ മൃഗങ്ങളുടെ ഉപയോഗം പത്രോസിന്റെ മനസിൽ (എല്ലായ്പ്പൊഴും അങ്ങനെതന്നെ) കൂടുതൽ ചിന്തിക്കാതെ പറഞ്ഞു, "ഒരിക്കലും പാടില്ല, കർത്താവേ, മലിനമോ, അശുദ്ധമോ[47] ആയതൊന്നും ഞാൻ ഒരുനാളും തിന്നിട്ടില്ലല്ലോ" (10:14). സൂചന എന്തെന്നാൽ, "... *ഞാൻ ഒരിക്കലും തിന്നുകയില്ല" എന്നാണ്.*

പത്രൊസ് മാത്രമല്ല കർത്താവിനോട് ആദ്യം എതിർത്തിട്ടുള്ളത്. അനന്യാസിനോട് ശൗലിന്റെ അടുക്കൽ പോകുവാൻ പറഞ്ഞപ്പോൾ അവനും

കർത്താവിനോട് എതിർത്തു (9:13, 14). യെരുശലേമിൽ നിന്നു പോകാൻ ശൗലിനോടു പറഞ്ഞപ്പോൾ അവൻ എതിർത്തിരുന്നു (22:19, 20). ഇവ ഓരോന്നും നമ്മെ പഠിപ്പിക്കുന്നത് "ഇല്ല" എന്നല്ല എപ്പോഴും ദൈവത്തിനു ഉത്തരം നൽകേണ്ടതു എന്നാണ് "ഇല്ല, കർത്താവേ" എന്നത് എതിർനാമമാണ്. "കർത്താവ്" എന്നതിനർത്ഥം "യജമാനൻ, ഭരണാധികാരി" എന്നാണ്. ദൈവത്തെ കർത്താവായി നാം സമ്മതിക്കുക എന്നാൽ നമ്മുടെ ജീവിതത്തിൽ കളിക്കാൻ അവകാശമുണ്ട് എന്നർത്ഥം ദൈവത്തിനു സ്ഥിരമായി നൽകേണ്ട ഉത്തരം "*അതെ*, കർത്താവേ"! എന്നായിരിക്കണം (ലൂക്കൊസ് 6:46).

ശബ്ദം വീണ്ടും ഉണ്ടായി: "ദൈവം ശുദ്ധീകരിച്ചതു നീ മലിനമെന്നു വിചാരിക്കരുത് എന്നു പറഞ്ഞു" (10:15).[48] തന്റെ തലയിൽ ഗദകൊണ്ട് അടിക്കുന്നതുപോലെ പത്രൊസിനു തോന്നി. തെറ്റിദ്ധാരണയുണ്ടങ്കിൽ മാറ്റുവാൻ, ദൈവം നിർദ്ദേശം വീണ്ടും കൊടുത്തു: "എഴുന്നേറ്റു, പത്രൊസേ, അറുത്തു തിന്നുക! ... ദൈവം ശുദ്ധീകരിച്ചതിനെ, നീ മലിനം എന്നു വിചാരിക്കരുത്" പിന്നീടും ദൈവം *അതാവർത്തിച്ചു*, "ഇതു മൂന്നു പ്രാവശ്യം ഉണ്ടായി" (10:16). കൊർന്നെല്യോസിനോട് ദൈവം *ഒരു* പ്രാവശ്യമെ നിർദ്ദേശം കൊടുത്തോള്ളൂ, അവൻ അതനുസരിച്ച് പക്ഷെ പത്രൊസിനോടു *മൂന്നു* പ്രാവശ്യം പറയേണ്ടി വന്നു. പാപിതയ്യാറാകുവാൻ ഒരു പ്രാവശ്യം മതിയെങ്കിൽ ഉപദേഷ്ടാവിനോട് തയ്യാറാക്കാൻ മൂന്നു പ്രാവശ്യം പറയേണ്ടിവന്നു! പത്രൊസ് ഓരോ സമയവും എതിർത്തോ എന്നറിയില്ല അങ്ങനെ ഇടക്കുവെങ്കിൽ അവന്റെ എതിർപ്പ് ഓരോ പ്രാവശ്യവും കൂടുതൽ ദുർബ്ബലമായിക്കൊണ്ടിരിക്കും, "ഉടനെ പാത്രം തിരികെ ആകാശത്തിലേക്കു വലിച്ചെടുത്തു" (10:16).

പത്രൊസിന്റെ തലയിൽ ചോദ്യങ്ങൾ ചുഴറ്റിക്കൊണ്ടിരിക്കും: ഇതിന്റെ അർത്ഥം എന്ത്? താൻ പുറത്തുപോയി ഒരു *പന്നിയെ* അറുത്തുതിന്നാനാണോ ദൈവം ആഗ്രഹിച്ചത്? ശുദ്ധവും അശുദ്ധവുമായ മൃഗങ്ങളുടെ ഉപയോഗം ന്യായപ്രമാണത്തിൽ പ്രധാന ഭാഗമായിരുന്നു. ന്യായ പ്രമാണത്തിലെ ഒരു ഭാഗം മാറ്റാമെങ്കിൽ, മറ്റു ഭാഗങ്ങളും മാറ്റാമോ?[49] ദൈവം മൃഗങ്ങളെക്കുറിച്ചു മാത്രമാണോ, അതോ ദൈവമനസ്സിൽ മറ്റെന്തങ്കിലും ഉണ്ടോ?

ജാതികളെ ഇനി അശുദ്ധരായി കരുതേണ്ടതില്ല എന്നു ദൈവം പത്രൊസിനോട് നേരിട്ടു പറയുന്നതിനു, പകരം പരോക്ഷമായി ശുദ്ധവും അശുദ്ധവുമായ[50] മൃഗങ്ങളെ ചൂണ്ടിക്കാണിച്ചു നിർദ്ദേശിച്ചതെന്തുകൊണ്ടെന്ന് നാം സംശയിക്കുമായിരിക്കാം. വാസ്തവത്തിൽ, പഴയ നിയമമനുസരിച്ചു ജാതികളെ സ്വീകരിക്കുന്നതിനു മുമ്പ് പരസ്പരബന്ധമുള്ള ഒന്നു പ്രത്യക്ഷപ്പെടുന്നത് ശുദ്ധവും അശുദ്ധവുമായ ഭക്ഷണമാണ്. യെഹൂദ/ജാതി കൂട്ടായ്മകൾക്ക് തടസ്സമായി നിൽക്കുന്ന മുഖ്യകാര്യം ആഹാരമാണ്. പിന്നീട്, കൈസര്യയിലെ പത്രൊസിന്റ പ്രവൃത്തിയെ വിമർശിച്ചപ്പോൾ, അവന്റെ വിമർശകർ അവൻ ജാതികളെ *സ്നാനപ്പെടുത്തി* എന്നല്ല പറഞ്ഞത്, പിന്നയോ അവൻ ജാതികളോടുകൂടെ *തിന്നു*കുടിക്കുന്നു എന്നായിരുന്നു (11:2, 3). ഒരു ജാതിയിൽ പെട്ട ആൾ പാചകം ചെയ്ത ആഹാരം മനസ്സാക്ഷിപ്രകാരം ഒരെയഹൂദനും കഴിക്കയില്ല: മാംസം അശുദ്ധമൃഗ

ത്തിന്റേതാകാം; അല്ലെങ്കിൽ വിഗ്രഹാർപ്പിതമാകാം അതിനുശേഷം ചന്തയിൽ വിറ്റതാകാം; ന്യായപ്രമാണം പറയുന്നതുപോലെ തീർച്ചയായും രക്തം വാർന്നുപോകാത്ത മൃഗമായിരിക്കാം; പിന്നെ ആഹാരം പാചകം ചെയ്യുന്ന ന്യായപ്രമാണ രീതിയും പാലിച്ചിരിക്കയില്ല. ജാതികളും യെഹൂദന്മാരും തമ്മിലുള്ള വേർപാട് മായിച്ചു കളയുവാൻ, ആദ്യം നീക്കേണ്ടതു ആഹാരസംബന്ധ നിയമാവലികളാണ്.

വാക്യം 17 പറയുന്നു, "ഈ കണ്ട ദർശനം എന്തായിരിക്കും എന്നു പത്രൊസ് ഉള്ളിൽ ചഞ്ചലിച്ചു കൊണ്ടിരിക്കുമ്പോൾ, കൊർന്നെല്യോസ് അയച്ച പുരുഷന്മാർ, ശിമോന്റെ വീടു ചോദിച്ചു,[51] പടിവാതിൽക്കൽ നിന്നു." പിന്നീട്, പത്രൊസ് പറഞ്ഞു, "*അപ്പോൾ തന്നെ*, കൈസര്യയിൽ നിന്നു എന്റെ അടുക്കൽ അയച്ചിരുന്ന മൂന്നു പുരുഷ ന്മാർ ഞങ്ങൾ പാർത്ത വീട്ടിന്റെ മുമ്പിൽ നിന്നിരുന്നു" (11:11; എംഫസിസ്മൈൻ). ദൈവ സമയം ശ്രദ്ധേയമാണ്. ആ പുരുഷന്മാർ നേര ത്തെ വന്നിരുന്നെങ്കിൽ, പത്രൊസ് അവരെ അകത്തേക്കു ക്ഷണിക്കുമായിരുന്നില്ല. അവർ പിന്നീടാണ് വരുന്നതെങ്കിൽ, ദർശനവുമായി ബന്ധ പ്പെടുത്തി അവരുടെ അന്വേഷണത്തെ കാണുമായിരുന്നില്ല.

മൂന്നു പുരുഷന്മാർ ജാതിയിൽപെട്ടവരായിരുന്നതുകൊണ്ടും അവർ യെഹൂദന്റെ വീട്ടിനു മുൻപിൽ ആയിരുന്നതുകോണ്ടും, ക്ഷണിക്കാതെ അവർക്കു ഗെറ്റിനുള്ളിൽ പ്രവേശിക്കാൻ പാടില്ല. അവർ ആ വീട്ടിലേക്കു ഉച്ചത്തിൽ വിളിച്ചു, "പത്രൊസ്, എന്നു മറു പേരുള്ള ശിമോൻ, ഇവിടെയാണോ താമസം" (10:18).

പത്രൊസ് അപ്പോഴും മുകളിലാണ്, "ദർശനത്തെക്കുറിച്ചു വിചാരപ്പെട്ടു കൊണ്ടിരുന്നു." ആത്മാവ് അവനോട്:[52] "മൂന്നു പുരുഷന്മാർ നിന്നെ അന്വേഷിക്കുന്നു. നീ എഴുന്നേറ്റു, ഇറങ്ങിച്ചെല്ലുക, ഞാൻ അവരെ അയച്ചതുകൊണ്ട് ഒന്നും സംശയിക്കാതെ അവരോടുകൂടെ പോകൂ എന്നു പറഞ്ഞു" (10:19, 20). മർമ്മം അഗാധമായി അവന്റെ മനസ്സിലേക്കിറങ്ങി. അപ്പൊസ്തലൻ ഉടനെ താഴെയിറങ്ങി അന്വേഷിക്കുന്ന പുരുഷന്മാർ നിൽക്കുന്ന ഗെയിറ്റിനരികിലേക്കു ചെന്നു. "നിങ്ങൾ അന്വേഷിക്കുന്നവൻ, ഞാൻ തന്നേ," "നിങ്ങൾ വന്ന സംഗതി എന്ത്? എന്നു, ചോദിച്ചു" (10:21). സ്വർഗ്ഗീയ ദർശനവും ആ പുരുഷന്മാരോടുകൂടെ പോകാം എന്ന ആത്മാവിന്റെ കൽപനയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പത്രൊസ് അത്ഭുപ്പെട്ടേക്കാം.

സന്ദേശവാഹകർ മറുപടി പറഞ്ഞു, "നീതിമാനും, ദൈവഭക്തനും, യെഹൂദന്മാരുടെ സകലജാതിയിലും നല്ല സാക്ഷ്യം കൊണ്ടു വന്നതും ആയ കൊർന്നെല്യോസ്, എന്ന ശതാധിപനു നിന്നെ വീട്ടിൽ വരുത്തി നിന്റെ പ്രസംഗം കേൾക്കണം എന്നു ഒരു വിശുദ്ധ ദൂതനാൽ അരുളപ്പാടുണ്ടായിരുന്നു എന്നു പറഞ്ഞു" (10:22). മുഖ്യവാക്കുകൾ പത്രൊസിലേക്കു കടന്നു: "ശതാധിപൻ ... ദൈവഭക്തിയുള്ള ... യെഹൂദന്മാരുടെ നല്ല സാക്ഷ്യം കൊണ്ടവൻ." സന്ദേശ വാഹകരെ അയച്ച മനുഷ്യൻ ഒരു ജാതിയായിരുന്നു! *ജാതിയിൽ*പെട്ടയാൾ താൻ മുഖാന്തരം സന്ദേശം കേൾക്കുവാൻ ദൈവം നിർദ്ദേശിച്ചിരുന്നു! ചില കഷ്ണങ്ങൾ പത്രൊസിന്റെ മനസിൽ കടന്നുവന്നു. ദർശനത്തിന്റെ *ഉദ്ദേശം* തന്റെ

*ആഹാരകാര്യങ്ങളെ* അധികം മാറ്റുവാനായിരുന്നില്ല.

ദർശനത്തിലെ *എല്ലാ* ഉള്ളടക്കവും പത്രൊസിനു ഈ സമയം മനസ്സിലായോ? എനിക്ക് അറിഞ്ഞുകൂടാ, പക്ഷെ അടുത്തവാക്യം അതിശയം തന്നെ: "അവൻ അവരെ അടുത്തു വിളിച്ചു പാർപ്പിച്ചു" (10:23)[53]. അതു പത്രൊസിന്റെ വീടല്ലെങ്കിലും അവൻ അവരെ അകത്തേക്കു ക്ഷണിച്ചു (തോൽക്കൊല്ലൻ, "എന്റെവീട് നിന്റേയും വീടാണെന്ന് പറഞ്ഞിരിക്കാം"), എന്നാൽ അതല്ല ക്ഷണിച്ചതിന്റെ പ്രത്യേകത. ഏറ്റവും ശ്രദ്ധേയമായ കാര്യം (ഞെട്ടിക്കുന്ന) ഒരു *യെഹൂദനാണ് ജാതിയിൽപ്പെട്ട* വരെ ഭക്ഷണത്തിനും[54] പാർക്കുവാനും ക്ഷണിച്ചതെന്നാണ്! ഇതു യെഹൂദൻ ജാതിയിലുള്ള ആളുടെ വീട്ടിൽ പോകുക എന്നത്ര വലിയ കാര്യമല്ലെങ്കിലും; യെഹൂദന്മാരും ജാതികളും തമ്മിലുള്ള വേർപ്പാട് ഇടിച്ചുകളയുന്നതിന്റെ മുഖ്യ ക്രമം തന്നെയായിരുന്നു, ദുരഭിമാന ചുമരിൽ ഒരു വലിയ വിടവ് വീണിരിക്കുന്നു!

ഈ സമയത്തുള്ള ഒരു ചെറിയ ചോദ്യം "എന്തുകൊണ്ട് ഉടനെ ആ മൂന്നു പേരോടുകൂടെ കൈസര്യയിലേക്കു പോയില്ല?" വ്യാഖ്യാതാക്കൾ സാധാരണ പറയും, "*വൈകുന്നേരം താമസിച്ചു പോയതുകൊണ്ടാണ്,* പത്രൊസ് അവരെ ക്ഷണിച്ച രാത്രി ചെലവഴിച്ചത്" എന്നാണ്. എങ്കിലും, ഉച്ചകഴിഞ്ഞു *4.00* മണിക്കു കൊർന്നെല്യോസിന്റെ ആളുകൾ യാത്ര തിരിച്ചതുകൊണ്ട് ഉച്ചകഴിഞ്ഞ് *1.00* മണിയിൽ കൂടുതൽ ആകാൻ സാദ്ധ്യതയില്ലാത്തതുകൊണ്ട്, അതായിരിക്കയില്ല കാരണം. താമസിച്ചുപോയതിനു കാരണങ്ങൾ പലതാകുമെന്നതിൽ സംശയമില്ല: പത്രൊസും തന്നോടുകൂടെ ഉണ്ടായിരുന്ന ആറു പുരുഷന്മാരും വന്ന മൂന്നുസന്ദേശവാഹകരെക്കാൾ[55] ചെറുപ്പമായിരുന്നില്ല എന്നു വരാം, അവർക്കു കാൽനടയായി[56] അത്രവേഗത്തിൽ രാത്രിമുഴുവനും നടക്കാനും പ്രയാസം കാണും. ഈ മൂന്നു പുരുഷന്മാരും യാത്ര ചെയ്തുവന്നിരിക്കയാൽ ക്ഷീണം മാറ്റേണ്ടതുമുണ്ട്. പത്രൊസ് അവരുടെ മുഖത്തെ ക്ഷീണം നോക്കിപറഞ്ഞു, "വന്നു. കുറച്ചു ഭക്ഷണം കഴിക്ക്, രാത്രി വിശ്രമിച്ചശേഷം നമുക്കു അതിരാവിലെ യാത്രതിരിക്കാം!" മാത്രമല്ല, യെരുശലേമിൽ സാക്ഷികളായി ആറു വിലയുള്ള യെഹൂദക്രിസ്ത്യാനികളെ കിട്ടുവാനും നല്ലൊരു സമയം വേണ്ടിവന്നിരിക്കാം.[57]

ഉപദേഷ്ടാവു തയ്യാറായിരുന്നു, പക്ഷെ ദൈവം മറ്റു യെഹൂദക്രിസ്ത്യാനികളേയും കരുതേണ്ടിയിരുന്നു.

### ദൈവത്തിന്റെ മൂന്നാമത്തെ ചുവട്: സഭയെ തയ്യാറാക്കുക (10:23-48; 11:12-17)

ധാരാളം ചെറിയ ചുവടുകൾ അടങ്ങുന്നതായിരുന്നു ശേഷിച്ച യെഹൂദക്രിസ്ത്യാനികളെ ഒരുക്കുന്ന "വലിയ ചുവട്." ആദ്യമായി, യെഹൂദ സഹോദരന്മാർക്കു പത്രൊസിനോടുകൂടെ പോകണമെന്നു ബോധ്യം വരണം. ജാതിയിൽ പെട്ടസന്ദേശവാഹകരോടൊപ്പം യാത്രചെയ്തു ജാതികൾക്കെതിർപ്പാകുന്ന ഒരു പട്ടണത്തിലേക്കു യെഹൂദന്മാർ പോകുന്നതു സാധാരണ ആരും ചെയ്യാത്ത കാര്യമാണ്. ഒരു പക്ഷെ പത്രൊസ് തനിക്കുണ്ടായ ദർശനത്തെപ്പറ്റി പോയി ആവരോടു പറഞ്ഞിരിക്കാം. അവൻ

ആവശ്യപ്പെട്ടതുകോണ്ട് അവനോടുള്ള ബഹുമാനം കൊണ്ടാകാം അവർ പോയത്. ലക്ഷ്യമെന്തായാലും പലരും പോകുവാൻ സമ്മതിച്ചു. "പിറ്റന്നു [പത്രൊസ്] എഴുന്നേറ്റു അവരോടുകൂടെ [സന്ദേശവാഹകർ] പുറപ്പെട്ടു, *യോപ്പയിലെ സഹോദരന്മാർ ചിലരും അവനോടുകൂടെ പോയി*" (10:23; എംഫസിസ്മൈൻ). ആറു സഹോദരന്മാർ പത്രൊസിനൊപ്പം പോയി എന്നു നാം 11-ാം അദ്ധ്യായത്തിൽ പഠിക്കും (11:12). ഈ പുരുഷന്മാർ ഉടനെ യോപ്പയിലേക്കു മടങ്ങിവരാതിരുന്നതുകൊണ്ട് അവർ പത്രൊസിനോടു കൂടെ യെരുശലേമിലേക്കു പോയി (11:12), സംഭവിക്കാനിരിക്കുന്നതിനു സാക്ഷികളാകാൻ കൂടെയാകാം പത്രൊസ് ഇവരെ കൊണ്ടു പോയത്.[58] ഏതുകാര്യവും ഉറപ്പാകുവാൻ രണ്ടോ മൂന്നോ സാക്ഷികൾ ന്യായപ്രമാണം ആവശ്യപ്പെടുന്നത് (ആവർത്തനപുസ്തകം 17:6); പത്രൊസ് അതു രണ്ട് അല്ലെങ്കിൽ മൂന്നിരട്ടിയാക്കി.[59]

ആറു യെഹൂദ സഹോദരന്മാരും പത്രൊസും ആ മൂന്നു സന്ദേശവാഹകരും അടക്കം പത്തുപേർ അന്നു പ്രഭാതത്തിൽ മുപ്പതു - മൈൽ വടക്കോട്ട് യാത്ര തുടർന്നു: ഈ രണ്ടു ദിവസത്തിനിടയിൽ, ദുരഭിമാനവിടവ് കൂടി വിശാലമായി. ഈ യാത്രക്കു മുൻപ്, പത്രൊസും ആ ആറു സഹോദരന്മാരും ജാതികളോട് ഇങ്ങനെ സംഭാഷണം നടത്തിയിരിക്കയില്ല ഒറ്റപ്പെട്ടിരിക്കുന്നതു തെറ്റിദ്ധാരണക്കിടയാകും, എന്നാൽ ബന്ധപ്പെടൽ കാര്യങ്ങൾ മനസ്സിലാക്കുവാൻ ഇടയാകും. പത്രൊസ് ഒരു പക്ഷെ കൊർന്നെല്യോസിനെ കുറിച്ചും അവന്റെ ഭവനത്തെക്കുറിച്ചും, അവരോട് ചോദിച്ചുകാണും, അവർക്കു എന്തറിയാമെന്നു ആരാഞ്ഞിരിക്കും. കൊർന്നെല്യോസിന്റെ ഭവനത്തിൽ താൻ പ്രസംഗിക്കാൻ പോകുന്നതിന്റെ മുന്നോടിയായി കൈസര്യയിൽ നിന്നു വന്നവരോട് പത്രൊസ് യേശുവിനെ കുറിച്ചു പറഞ്ഞു കാണും, എങ്കിലും ചില സമയത്ത്, സംഭവിച്ചതിന്റെ പ്രധാന്യത്തെക്കുറിച്ചു പത്രൊസ് ആഴത്തിൽ ചിന്തിച്ചു കാണും.

24-ാം വാക്യത്തിൽ നാം വായിക്കുന്നത്, "പിറ്റെന്നാൾ അവൻ കൈസര്യയിൽ എത്തി എന്നാണ്." അവിടെ കൈസര്യയിൽ, പത്രൊസിനും ആ ആറു യെഹൂദസാക്ഷികൾക്കും ദൈവം കൂടുതൽ അതിശയം ജനിപ്പിക്കയായിരുന്നു - കൂടുതൽ "ചുവടുകൾ" യെഹൂദന്മാരും ജാതികളും തമ്മിലുള്ള വേർപ്പാട് ഇടിച്ചു തറയിൽ ഇട്ടുകൊണ്ടിരിക്കുന്നു. എങ്ങനെയായാലും, ശേഷം സംഭവമാണു നാം അടുത്ത പാഠം വരെ കാത്തിരിക്കുക.

### ഉപസംഹാരം

പ്രവൃത്തി 10-ന്റെ ആരംഭ ഭാഗം നാം പഠിച്ചപ്പോൾ, ദൈവം ചുവർ ഇടിച്ച സംഭവത്തിൽ നിന്നും ചില സ്വാധീനം നമ്മുടെ ഹൃദയങ്ങളിൽ ഉണ്ടായി എന്നു ഞാൻ കരുതുന്നു. യെഹൂദ പാരമ്പര്യമില്ലാത്ത നമുക്കു ഈവാക്യങ്ങൾ പ്രത്യേകതയുളവാക്കുന്നതാണ്. II-ാം ലോകമഹായുദ്ധം നടന്നപ്പോൾ ഞാൻ കുട്ടിയതായിരുന്നെങ്കിലും, അങ്കിൾ സാമിന്റെ പോസ്റ്റുകളിൽ വീരൽ ചൂണ്ടി പറയുന്നു, "*നിങ്ങളെ* എനിക്കുവേണം!"[60] എന്ന വാക്ക് ഇപ്പോഴും ഓർക്കുന്നു. പ്രവൃത്തി 10-ൽ ദൈവം വിരൽ ചൂണ്ടി യെഹൂദന്മാരല്ലാത്തവരോട് എല്ലാവരോടും പറയുന്നു, "എനിക്കു *നിങ്ങളെ*

വേണം!" അന്നു മുതൽ ഇന്നുവരെ ജാതിയിൽപ്പെട്ട പരിവർത്തകർക്കു കൊർന്നെല്യോസും അവന്റെ ഭവനവും ആത്മീയ പൂർവ്വപിതാക്കൾ ആകുന്നു!

കൊർന്നെല്യോസിനെപ്പോലെ നല്ലവരായ ആളുകളോടും ഈ സംഭവം സംസാരിക്കുന്നതു അവർ നഷ്ടപ്പെട്ടവരാണെന്നാണ്. നിങ്ങൾക്കു നിങ്ങളുടെ നന്മയിൽ ആശ്രയിക്കാൻ സാദ്ധ്യമല്ല; കർത്താവിലും അവന്റെ കൃപയിലും നാം ആശ്രയിക്കണം!

എങ്ങനെയായാലും, നമ്മിൽ എതിരഭിപ്രായം വെച്ചു പുലർത്തുന്നവരോടു പ്രത്യേകിച്ചു ഈ വേദഭാഗം സംസാരിക്കുന്നു. "അജ്ഞതയുടെ ബാലൻ"[61] എന്നാണ് വില്യം ഹാസിലിറ്റ് പക്ഷവാതത്തെ വിളിച്ചത്. "വിഡ്ഢികൾ കാരണം കണ്ടെത്തുന്നതാണ്"[62] പക്ഷവാതമെന്നു വാൾട്ടെയർ പറഞ്ഞു: യാക്കൊബ് എഴുതി, "സഹോദരന്മാരേ, തേജസ്സുള്ളവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുത്" (യാക്കൊബ് 2:1). നമുക്കു പണ്ടേയുള്ള സ്വഭാവമാണ് പക്ഷപാതമെന്നു ആത്മാർത്ഥതയുണ്ടങ്കിൽ സമ്മതിക്കും. ദൈവ സഹായത്തോടെ – നമ്മിലുള്ള പക്ഷപാത സ്വഭാവ ത്തിൽ നിന്നു നാം ഓരോരുത്തരും പുറത്തു കടക്കണം!

ദൈവവചനം നമ്മുടെ ഹൃദയത്തോട് സംസാരിക്കുമ്പോൾ, മാറ്റങ്ങൾ വരുത്തേണ്ടതു നാം അറിയണം. എന്തു മാറ്റമായിരുന്നാലും, അതു നിങ്ങൾ ഇന്നു തന്നെ വരുത്തും എന്നാണ് ഞാൻ പ്രാർത്ഥിക്കുന്നത്. പത്രൊസിനെപോലെ, "ഒരിക്കലും ഇല്ല, കർത്താവേ" എന്നു പറയരുത്. ഓർമ്മിക്കുക: ശരിയായ പ്രതികരണം, ദൈവ കൽപനയോടുള്ള സ്ഥിരമായ പ്രതികരണം, എപ്പോഴും "*അതേ*, കർത്താവേ" എന്നായിരിക്കണം.

---

**ദൃശ്യ - സഹായകുറിപ്പുകൾ**

---

യെഹൂദന്മാരും ജാതികളും സഭയിൽ ഒന്നിച്ചു വരുവാൻ, ഊന്നൽ കൊടുക്കുവാൻ ഇതാ ലളിതമായ ഒരു പഠന വസ്തു: പതിനെട്ട് ഇഞ്ചോളം നീളമുള്ള ഒരു ചരട്, ഒരു വളയം, മറ്റെന്തെങ്കിലും രണ്ടു വസ്തുക്കളും എടുക്കുക ഒരു വസ്തു ചരടിന്റെ ഒരു വശത്തും മറ്റേതു ചരടിന്റെ മറു വശത്തും കെട്ടി. ഒന്നു യെഹൂദന്മാരെ പ്രതിനിധാനം ചെയ്തു; മറ്റതു ജാതികളേയും രണ്ടു കൂട്ടർക്കുമിടയിലുള്ള ചുവരിനെക്കുറിച്ചു പറയുമ്പോൾ ഈ രണ്ടു വസ്തുക്കളും പരമാവധി ദൂരത്തിൽ വെക്കുക. പിന്നെ ചരടിന്റെ മുകളിൽ ആവളയം വെക്കുക വളയം യേശുവിനെ പ്രതിനിധീകരിക്കുന്നു. ആ വളയത്തിനുള്ളിൽ കൂടെ ചരട് വലിക്കുക, അപ്പോൾ ആ വസ്തുക്കൾ വളയത്തിനടുത്തെത്തിയതു ശ്രദ്ധിക്കുക. വസ്തുക്കൾ തമ്മിൽ അടുക്കുകയാണ് അപ്പോൾ അതുപോലെയാണ് അടുപ്പിക്കുന്ന യേശുവിന്റെ ശക്തി (യോഹന്നാൻ 12:32). യെഹൂദന്മാരെയും ജാതികളെയും സഭയിലേക്കുകൊണ്ടുവന്നു പ്രായോഗികമാക്കുവാൻ, *നാം* ക്രിസ്തുവിനോട് അടുക്കുമ്പോൾ, അന്യോന്യം, അടുക്കുന്നു എന്നു ശ്രദ്ധിക്കുക!

*കൊർന്നെലോസിന്റെ കാര്യം* എന്ന വിഷയത്തിൽ കൊർന്നെല്യോസിനെയും ചർച്ചക്കാരേയും, അവരുടെ പരിവർത്തനങ്ങളേയു മുഴുവൻ ഉൾക്കൊളളിച്ച് ജെയിംസ്.ഡി.ബെയിൽസ് ഒരു പുസ്തകം തന്നെ എഴുതി (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ് കമ്പനി., 1964).

ഞാൻ പ്രസംഗിക്കാൻ തുടങ്ങിയപ്പോൾ, വിരമിച്ച ഒരു ഉപദേഷ്ടാവ് വർഷങ്ങളായി ശേഖരിച്ച പ്രസംഗ രൂപരേഖകൾ എനിക്കു നല്കുകയുണ്ടായി. അവയിൽ ഒന്ന്, കൊർന്നെല്യോസിനെക്കുറിച്ചു, "പരിവർത്തനം മൂന്നു പ്രവൃത്തികളിൽ" എന്ന തലക്കെട്ടുളളതായിരുന്നു. ആ സംഭവത്തിലെ സ്വാഭാവിക വചനങ്ങളെ ഒരു നാടകത്തിലെ മൂന്നു രംഗങ്ങളായി താരതമ്യം ചെയ്തിരിക്കുന്നു. ഓരോ "രംഗത്തും" ആളും "ഒരുക്കം" പിന്നെ "പ്രധാന നടൻ" വരുന്നു, പിന്നെയാണ് "നാടകം" പല "രംഗങ്ങൾ" വേറെയുമുണ്ട് ഒന്നാമത്തെ "രംഗം ഒന്ന്" ബാഹ്യരൂപരേഖക്ക് "ഇടവേളയുണ്ട്" അതിൽ അദ്യത്തെ ഭാഗത്തിലെ രസകരമായ സംഭവങ്ങൾ ഉണ്ട്. അതുപോലെ തന്നെയാണ് "രംഗം രണ്ട്" നിങ്ങൾക്കു നാടകം ഇഷ്ടമാണെങ്കിൽ കൊർന്നെല്യോസിനെയും അവന്റ ഭവനത്തെയും ഈ രീതിയിൽ അവതരിപ്പിക്കാൻ നിങ്ങൾക്കിഷ്ടമാകും.

പ്രവൃത്തി 2, 8, അല്ലെങ്കിൽ 10 എന്നിവയെ അനുബന്ധപാഠമായി പാഠങ്ങളാക്കി ഉപയോഗിക്കുന്നതും രസാവഹമായും "ദൈവരാജ്യത്തിന്റെ താക്കോൽ" എന്ന തല വാചകം കൊടുക്കാം. മത്തായി 16:19-ൽ പത്രൊസിനു വാഗ്ദാനം ചെയ്ത താക്കോൽ അവൻ ഉപയോഗിച്ചതിങ്ങനെയാണ്. മുഖവുരയായി ചർച്ച് ബിൽഡിങ്ങ് തുറുക്കുന്ന താക്കോൽ ഞാൻ ഉപയോഗിക്കാനുണ്ട്. പിന്നെ കെട്ടിടത്തി*നകത്തു* ഉപയോഗിക്കുന്ന വേറെ താക്കോൽ കാണിക്കും. അതുപോലെ, പത്രൊസിനു ലഭിച്ച താക്കോൽ യെഹൂദന്മാർക്കായി പ്രവൃത്തി 2 ലും ജാതികൾക്കായി പ്രവൃത്തി 10 ലും ഉപയോഗിച്ചു. രാജ്യത്തിനകത്തു/സഭയിൽ "വാതിലുകൾ തുറക്കാൻ" അവൻ താക്കോൽ ഉപയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി, പ്രവൃത്തി 8 ലും അവൻ തെറ്റിപ്പോയ ക്രിസ്ത്യാനികൾക്കു എങ്ങനെ കർത്താവിലേക്കു മടങ്ങിവരാമെന്ന് കാണിച്ചുകൊടുത്തു (വാക്യം 22). പ്രവൃത്തികളുടെ പുസ്തകത്തിലെ പത്രൊസിന്റെ പ്രസംഗവും 1 ഉം 2 ഉം പത്രൊസിലെ ലേഖനങ്ങളിലെ എഴുത്തുകളും എടുത്തു പോയിന്റുകൾ നിങ്ങൾക്കു എത്ര വേണമെങ്കിലും എടുക്കാം: സ്വർഗ്ഗത്തിലേക്കുളള "താക്കോൽ" (2 പത്രൊസ് 1:5-11), ലക്ഷ്യത്തിൽ തന്നെയിരിക്കുവാനുളള "താക്കോൽ" (2 പത്രൊസ് 3:10-12), മുതലായവ വ്യത്യസ്ത പോയിന്റുകൾ ചിത്രീകരിക്കുവാൻ ഞാൻ അസംഖ്യം കാർഡ്ബോർഡ് താക്കോൽ (ഓരോന്നിലും മുഖ്യ പോയിന്റുകൾ അച്ചടിച്ചിരിക്കും).

## കുറിപ്പുകൾ

[1]എഫെസ്യൻ 1:22, 23. [2]ജാതികൾക്കു യെഹൂദമതാനുസാരി ആകാമായിരുന്നു. [3]മത്തായി, മർക്കൊസ്, യോഹന്നാൻ എന്നീ പുസ്തകങ്ങളിലെ അദ്ധ്യായങ്ങൾ ക്രൂശീകരണത്തെപ്പറ്റിപറയുന്നുണ്ട്. [4]യെഹൂദന്മാരല്ലാത്തവരെ അനേകർ "നായ്ക്കൾ" എന്നു വിചാരിച്ചിട്ടുണ്ട്. ചന്തയിൽ വെച്ച്, ജാതികളെയോ ജാതികൾക്കുള്ളതിനെയൊ തോട്ടു അശുദ്ധമായെങ്കിലോ എന്നു വെച്ച്, കൈകാലുകൾ പാദം മുതൽ മുട്ടുവരെ കഴുകി ശുദ്ധമായിട്ടേ യെഹൂദർ ഭക്ഷണം കഴിക്കൂ (മത്തായി 15:2). [5]റോമാ നാടുവാഴികൾ പ്രത്യേക സന്ദർഭങ്ങളിൽ യെരുശലേമിൽ പോകാറുണ്ട് (അതുകോണ്ട്, യേശുവിനെ കൊല്ലുന്ന ആ പിസഹയിൽ പിലാത്തോസ് അവിടെ ഉണ്ടായിരുന്നു), എന്നാൽ അവരുടെ താമസ സ്ഥലം കൈസര്യയിലായിരുന്നു. [6]ഒരു കൊഹോർട്ട് എന്നതു ഒരു ലീജിയന്റെ (അറുനൂറുപേർ) പത്തിലൊന്നായിരുന്നു, അല്ലെങ്കിൽ അറുനൂറുപേർ; പക്ഷെ ഒരു ആക്സിലറി കോഹോർട്ടിന് ആയിരം പേർ വരെ ഉണ്ടാകുമായിരുന്നു. [7]മിക്കസൈനികരും തദ്ദേശവാസികൾ ഉൾക്കൊള്ളുന്നതാണ്, കുറച്ചു കാലത്തേക്കു ഇറ്റലിക്കാരെ പകരം നിലനിർത്തിയിരിക്കാം, പക്ഷെ പദവികൾ നിലനിർത്തിക്കാണും. [8]"കൊർന്നെല്യോസ്" സാധാരണ ലാറ്റിൻ പേരായിരുന്നു. അനേക വർഷങ്ങൾക്കു മുമ്പ്, കൊർന്നെല്യോസ്, പതിനായിരം അടിമകളെ സ്വതന്ത്രമാക്കി, അവരിൽ പലരും അയാളുടെ പേർ സ്വീകരിച്ചു. [9]പുതിയ നിയമത്തിൽ ധാരാളം ശതാധിപൻമാരെകുറിച്ചു പറയുന്നുണ്ട്, അവർ നല്ല രീതിയിൽ തന്നെയായിരുന്നു എന്നു തെളിയിച്ചിട്ടുണ്ട്. റോമാ പട്ടാളത്തിന്റെ നട്ടെല്ലായിരുന്നു ശതാധിപർ. [10]"ദൈവഭയമുള്ളവർ" എന്നതിനെ പണ്ഡിതൻമാർ പലപേരിൽ പറഞ്ഞിട്ടുണ്ട്, ഉദാഹരണമായി "നിയർ പ്രൊസലൈറ്റ്സ്" "പ്രൊസെലൈറ്റ്സ് അറ്റ് ഗെയിറ്റ്" എന്നെ ല്ലാം ഗ്ലോസറിയിൽ "ഗോഡ് ഫിയറർ" എന്നതു നോക്കുക.

[11]അവൻ സ്നാനപ്പെട്ടിരുന്നല്ല എന്ന വസ്തുത അടി വരയിട്ടിരിക്കയാണ് 11:3-ൽ. [12]പ്രവൃത്തി 10:30. വെസ്റ്റേൺടെക്സ്റ്റ് ചേർത്തിരിക്കുന്നു "ഫാസ്റ്റിങ്ങ്" (KJV) തിരുവെഴുത്തുകളുടെ പ്രതികളുടെ പേർ രണ്ടു മുതൽ നാലു നൂറ്റാണ്ടുവരെ റോമിൽ വിളിച്ചിരുന്ന പേരാണ് "വെസ്റ്റേൺ ടെക്സ്റ്റ്" എന്നത്. ഇതിൽ കൂട്ടിച്ചേർത്തിരിക്കുന്നരസകരമായ പലതും ഉണ്ട്, എന്നാൽ അവ ദൈവശ്വാസീയമല്ലാത്തതായി കണക്കാക്കിയിരുന്നു. [13]പ്രവൃത്തി 1 ലെ 3:1 നോക്കുക. [14]പകൽ ആരംഭിക്കുന്നതനുസരിച്ചാണ് യെഹൂദന്മാർ സമയം എണ്ണിതുടങ്ങുന്നത്, അതുകൊണ്ട് ഒമ്പതാം മണി നേരം എന്നതു ഉച്ചയ്ക്ക് 3 മണിയാണ്. [15]"വ്യക്തമായി കണ്ടു" ഊഹിച്ചതല്ലെന്നു ഊന്നിപ്പറയുന്നു. NIVയിൽ "അവൻ ദൂതനെ സ്പഷ്ടമായി കണ്ടു എന്നാണ്" (എംഫസിസ്മൈൻ). [16]അക്ഷരികമായി, അവൻ "ഭയപ്പെട്ടു" (KJV). ബൈബിളിൽ, ഇതു സാധാരണ അസാമാന്യ വ്യക്തികളെ കാണുമ്പോൾ ഉണ്ടാകുന്ന പ്രതികരണമാണ്. [17]ഈ സന്ദർഭത്തിൽ, "കർത്താവ്" എന്നതു ബഹുമാനസൂചകമായി ഉപയോഗിച്ചതാകാം. [18]ദൂതൻ പറഞ്ഞ വാക്കുകൾ യാഗത്തിന്റെ അലങ്കാര പ്രയോഗമായിരുന്നു: (1) ദഹനയാഗത്തിനു എബ്രായ വാക്കിന്റെ ആക്ഷരിക അർത്ഥം "ആരോഹണം" എന്നാണ് (2) ഭോജനയാഗത്തിന്റെ ഒരംശം യാഗപീഠത്തിൽ ദഹിപ്പിക്കേണം, അതിനെ "സ്മാരകം" എന്നു വിളിച്ചിരുന്നു (ലേവ്യാപുസ്തകം 2:2, 9, 16; 5:12). NIV യിൽ 10:4-ൽ "ജ്ഞാപകയാഗം" എന്നാണ്. [19]സൗഖ്യമായ മനുഷ്യൻ പറഞ്ഞ വാക്കകൾ ദൈവശ്വാസീയമായിരുന്നില്ല എന്നു ശ്രദ്ധിക്കുക. എങ്കിലും, അതു, പഴയ നിയമ സത്യമായിരുന്നു (സദൃശവാക്യങ്ങൾ 28:9). ഈ വാക്കുകൾ പാപം ചെയ്ത *ദൈവമകനോട*ല്ല, മറിച്ച് അന്യനായ ഒരു പാപിയോടാണ്. [20]കൊർന്നല്യോസിനു ദൂതൻ പ്രത്യക്ഷനായതു അവന്റെ പ്രാർത്ഥനയുടെ ഫലമാണെന്നു കരുതുകയാണെങ്കിൽ, കൊർന്നെല്യോസ് ദൈവേഷ്ടം കൂടുതൽ അറിയാൻ ആഗ്രഹിച്ചതുകൊണ്ടാകാം.

[21]"കേൾക്കുക" എന്നതു "പ്രതികരിക്കുക" എന്ന അർത്ഥത്തിലാണ്. [22]22:16 നോക്കുക, *പ്രാർത്ഥിക്കുന്ന* ആളോട് ഉപദേഷ്ടാവ് പറഞ്ഞു, "ഇനി *താമസിക്കുന്നത്* എന്ത്? എഴുന്നേറ്റ്, കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു പ്രാർത്ഥിച്ചു, സ്നാനമേറ്റു, നിന്റെ പാപങ്ങളെ കഴുകികളയുക." [23]6-ാം വാക്യത്തിന്റെ അവസാനം KJV ചേർക്കുന്നു: "നീ

ചെയ്യേണ്ടതു അവൻ നിന്നോട് പറയും" മൂലഭാഷയിൽ ഈല്ലെങ്കിലും, ഈ വാക്കുകളുടെ തള്ളിക്കയറ്റം 10:22 ലും 11:14 ലും കാണാം. [24]"വാക്കുകൾ" എന്നതു ഗ്രീക്കുവാക്യം തർജിമ ചെയ്തിരിക്കുന്നതു സാധാരണ "വാക്കുകൾ" എന്നതിനു തന്നെയാണ്, പക്ഷെ *റിമാറ്റ,* എന്നതിനർത്ഥം "അരുളിചെയ്തു എന്നാണ്." [25]യേശു മരിച്ചതിനും സുവിശേഷം വ്യത്യസ്ത സ്ഥലങ്ങളിൽ പ്രസംഗിക്കാൻ തുടങ്ങിയതനും ഇടയിൽ ഒരു പരിവർത്തന കാലഘട്ടം ഉണ്ടായിരുന്നു എന്നു ഞാൻ തിരിച്ചറിയുന്നു - ഈ കാലയളവിൽ ആരെങ്കിലും രക്ഷിക്കപ്പെടുകയോ നഷ്ടപ്പെടുകയോ ചെയ്തു എന്നു പറയുവാൻ ദൈവത്തിനാണ് അവകാശമുള്ളത്. ദൈവം പറഞ്ഞു കൊർന്നെല്യോസും അവന്റെ ഭവനവും രക്ഷിക്കപ്പെട്ടിരു *ന്നില്ല.* [26]എഫെസ്യൻ 2:12-ൽ വിവരിച്ചിരിക്കുന്ന പ്രത്യേകതയുള്ളവരായിരുന്നു കൊർന്നെല്യോസും ഭവനവും. [27]പടയാളി ഒരു പക്ഷെ രണ്ടു പുരുഷന്മാരുടെ സംരക്ഷണത്തിനു പോയതാകാം. അവൻ "ഭക്തനായിരുന്നു" എന്നതു "ദൈവഭയമുള്ളവനായിരുന്നു" എന്നും സൂചിപ്പിക്കുന്നു, തനിക്കുള്ളവരോടും അവൻ സ്വാധീനിച്ചിരുന്നു. [28]അവർ എങ്ങനെ യാത്ര ചെയ്തു എന്നു നമുക്കറിഞ്ഞുകൂടാ: നടന്നോ, കുതിരപ്പുറത്തോ, മറ്റേതെങ്കിലും മാർഗ്ഗത്തിലാണോ എന്നറിയില്ല. [29]സാധാരണ, ഈ അത്ഭുതങ്ങൾ ഉപദേഷ്ടാവിനേയും പാപിയേയും ഒന്നി പ്പിക്കുന്നു. ശൗലിന്റെ കാര്യത്തിൽ, അവൻ അപ്പൊസ്തലനാകേണ്ടതിനു യേശുവിന്റെ പ്രത്യക്ഷതയും കൂടെ ഉണ്ടായി. [30]8:40 ഉം 21:8-14 ഉം ശ്രദ്ധിക്കുക. 8:40 ലെ യാത്ര ഒരു പക്ഷെ കുറെ സമയം എഴുതിയിരിക്കാം. എന്നാൽ 9:1-31 ലെ സംഭവം കഴിഞ്ഞ് ചുരുങ്ങിയതു മൂന്നു വർഷം കഴിഞ്ഞിരിക്കും (ഗലാത്യർ 1:18), പ്രവൃത്തി 10 ലെ സംഭവം നടന്നപ്പോഴേക്കും ഫിലിപ്പൊസ് തീർച്ചയായും കൈസര്യയിൽ എത്തിയിരിക്കും ഫിലിപ്പ് കൈസര്യയിൽ എത്തിയപ്പോൾ, അവൻ തന്റെ വീട് അവിടെയാക്കി കാണും.

[31]കൊർന്നെല്യോസും അവന്റെ ഭവനവുമായ ആദ്യത്തെ ജാതിയിൽ നിന്നു പരിവർത്തനം ചെയ്തവർ, അവർ യെരുശലേമിലെ ക്രിസ്ത്യാനികൾക്കു കുഴപ്പം ഉണ്ടാകത്തക്ക അടുത്തായിരുന്നു എന്നാണ്. പക്ഷെ 15:7 ലെ പത്രൊസിന്റെ വാക്കുകൾ തീർത്തു പറയുന്നതു പത്രൊസാണ് ആദ്യം ജാതികളോട് സുവിശേഷം പ്രസംഗിച്ചത് എന്നാണ്. [32]യെഹൂദന്മാർ സമയം കണക്കാക്കിയിരുന്നത് സൂര്യോദയവും ആസ്തമയവും നോക്കിയാണ്. പകൽ ആറാം മണി എന്നതു ഉച്ചയ്ക്കു 12 മണിയാണ്. [33]പത്രൊസ് പ്രാർത്ഥിക്കുമ്പോൾ മേൽക്കൂരയിൽ പറ്റിപ്പിടിച്ചിരുന്നതു ധാരാളം കുട്ടികൾ വരച്ചിട്ടുണ്ട്. മേൽക്കൂര പരന്നതുംചുറ്റും സുരക്ഷിതത്വ (പാരപ്പറ്റ്) വുമുണ്ടായിരുന്നു (ആവർത്തനപുസ്തകം 22:8). [34]അപ്പൊസ്തലന്മാർ ആദ്യം ധൈര്യത്തിനു വേണ്ടി പ്രാർത്ഥിച്ചു (4:29). [35]"തിന്നുക" എന്നതിനു ഗ്രീക്കു വാക്യ തർജ്ജിമ ചെയ്തവാക്ക് ഡോക്റ്റേഴ്സ് ഉപയോഗിക്കുന്ന വാക്കാണ് ലൂക്കൊസിന്റെ വൈദ്യ പശ്ചാത്തലം ഇവിടെ സ്പഷ്ടമാകുന്നുണ്ട്. [36]നമ്മിൽ പലരും ഉച്ചഭക്ഷണം ശീലിച്ചവരാണ്, തോൽക്കൊല്ലന്റെ വീട്ടിൽ പാചകം ചെയ്തുകൊണ്ടിരുന്നതു സാധാരണ ഭക്ഷണമാകാം. ചില സ്ഥലങ്ങളിൽ വ്യത്യസ്ത സമയങ്ങളിൽ ഭക്ഷണം കഴിക്കും. പത്രൊസ് വിശന്നിരുന്നു എന്നതിനാൽ *പ്രത്യേക* ഭക്ഷണത്തിനുള്ള ഒരുക്കവുമാകാം നടന്നിരുന്നത്. [37]"എഴുന്നേറ്റു" എന്ന വാക്കിൽ ഇതടങ്ങിയിരിക്കുന്നു (വാക്യം 13). [38]ഗ്രീക്കു വാക്ക് *എക്സ്റ്റസിസ്* എന്നതു "ഔട്ട്" എന്നും "വെക്കുക അല്ലെങ്കിൽ ഇടുക" എന്ന രണ്ടു വാക്കുകളുടേയും സംയുക്തവാക്കാണ്. അതിന്റെ ആക്ഷരിക അർത്ഥം "സ്ഥലം മാറ്റി വെക്കൽ" എന്നു സൂചിപ്പിക്കുന്നതു മനസ്സിനെ മനസ്സാക്ഷിയുടെ ഉയരന്ന സ്ഥാനത്തുവെക്കുക എന്നാണ്. [39]ക്ലാരൻസ് ജോർഡാൻ, *ദി കോട്ടൺ വാച്ച് വെർഷൻ ഓഫ് ലൂക്ക് ആന്റ് ആക്സ്* (ക്ലിന്റൺ, N.J.: ന്യൂവിൻ പബ്ലിഷിങ്ങ്, 1969), 114. [40]11:6 നോക്കുക.

[41]ന്യൂ സെഞ്ചുറി വെർഷൻ. [42]ഉല്പത്തി 6:20 മത്സ്യത്തെ തിട്ടപ്പെടുത്തിയില്ല, ഒരു പക്ഷെ അവയെ വെള്ളത്തിൽ നിന്നു പുറത്തിടുന്നതു ശരിയല്ലാഞ്ഞിട്ടായിരിക്കും. [43]"ശുദ്ധവും" "അശുദ്ധവും" തമ്മിലുള്ള വിത്യാസം ലേവ്യാപുസ്തകം 11:1-47 ലും ആവർത്തനപുസ്തകം 14:3-20. "ശുദ്ധമാക്കുവാൻ," നാൽക്കാലികൾക്കു കുളമ്പുകളുണ്ടാകണം, ചവച്ചരക്കുന്നതുമായിരിക്കണം. (ചവച്ചരക്കുന്ന മൃഗങ്ങൾക്കു ഒന്നിലധികം വയറുകൾ

കാണും അവ സ്വാഭാവികമായി പകുതി ചവച്ചരച്ചു വിഴുങ്ങുന്നു, അതു ഒന്നാമത്തെ ആമാശയത്തിൽ പോകുന്നു. പിന്നീട് അവ വീണ്ടം അയവിട്ടുന്നു. ചവച്ചരക്കൽ പൂർത്തിയാക്കി, വീണ്ടും ആമാശയത്തിലെ മറ്റൊരു ഭാഗത്തെത്തുന്നു. അങ്ങനെ "കഡ്" എന്നു വിളിക്കുന്നു.) "ഇഴ ജന്തുക്കളിലും" ശുദ്ധവും അശുദ്ധവുമായവയുണ്ട്. ലേവ്യാപുസ്തകത്തിലും ആവർത്തനപുസ്തകത്തിലും പക്ഷികളെപറ്റിയും പറയുന്നുണ്ട്. [44]മൂന്നാമത്തെ വ്യക്തതിയായി ദൈവത്തെ പറഞ്ഞിരിക്കയാൽ (വാക്യം 15), ഇതു സംസാരിക്കുന്നതു ദൂതനാകാം. ഇതു *ദൈവ*സന്ദേശമാണെന്നു പത്രൊസ്, മനസിലാക്കി (വാക്യം 28). [45]"സ്മോർഗാസ് ബോർഡ്" എന്നതു സ്വീഡിഷ് വാക്കാണ്, മേശമേൽ ബഫറ്റ് ഭക്ഷണം പോലെ നിരത്തിവെച്ചരിക്കുന്നത്. യുഎസ്-ൽ പറയും "നിങ്ങൾക്കു തിന്നാവുന്ന എല്ലാം ഉള്ള ഭക്ഷണം" എന്ന്. [46]"കോഷെർ" യെഹൂദന്മാർക്കു ഇന്നു കഴിക്കാവുന്ന ഭക്ഷണമാണ് "ശരിയായ" എന്ന എബ്രായ പദം മാറി ഈഡിഷ് വാക്കാണ്. [47]"അവിശുദ്ധം" തർജിമ ചെയ്ത ഗ്രീക്കു വാക്കാണ് സാധാരണ "അവിശുദ്ധം" എന്നു പറയുവാൻ ഉപയോഗിക്കുന്നത്, എന്നാൽ മറിച്ച് "സാധാരണ" എന്ന അർത്ഥം വരുന്ന വാക്കാണ് (KJV). [48]1 തിമൊഥെയോസ് 4:3-5. യേശു ആദ്യം തന്നെ ശുദ്ധവും അശുദ്ധവും ഭക്ഷണ നിയമാവാലികളെ മാറ്റിയിരുന്നു (മർക്കൊസ് 7:14-23), എന്നാൽ യേശുവിന്റെ വാക്കുകൾ മുഴുവൻ ജനങ്ങളിൽ ഇറങ്ങിചെല്ലുവാൻ ദൈവം ഒരു ദർശനം നടത്തിയിരുന്നു. പത്രൊസിന്റെ പ്രസംഗം (വിചാരിച്ചപോലെ) ചുരുക്കമൊണ് മാർക്കൊസിന്റെ സുവിശേഷ വിവരമെങ്കിൽ മർക്കോസ് 7:19 ലെ അഭിപ്രായത്തിന്റെ ഉറവിടം പത്രൊസ് ആയിരുന്നേക്കാം. [49]പ്രവൃത്തികളിലെ പുസ്തകം നാം പരിശോധിക്കുമ്പോൾ, ദൈവേഷ്ട്ടം എല്ലാം ഒറ്റയടിക്കു നല്കിയില്ല എന്നു കാണാം മറിച്ച്, "ആവശ്യമുള്ളതുപോലെ" യാണ് നല്കിയത്, സന്ദേശവാഹകർ അതു സ്വീകരിക്കാൻ തയ്യാറാവുകയും വേണമായിരുന്നു. [50]ഇതു പറയുന്നതു ദൈവം എങ്ങനെ പുതിയ നിയമത്തിൽ ഉപദേശിക്കുന്നു എന്നതാണ്: അവൻ ആവശ്യമള്ള വിവരങ്ങൾ നൽകുമെങ്കിലും നമ്മുടെ മനസ്സു ഉപയോഗിക്കണെനെന്ന് ആവൻ ആഗ്രഹിക്കുന്നു.

[51]പൊതുവായ കാഴ്ച്ചപ്പാട് ലഭിക്കത്തക്കവിധത്തിൽ ദൂതൻ മതിയായ വിവരങ്ങൾ കൊടുത്തു.: ആ പോയിന്റിൽ നിന്നു അവർ നിർദ്ദേശങ്ങൾ ചോദിക്കണം. നമുക്കു ചെയ്യാൻ കഴിയുന്നതു ദൈവം നമുക്കുവേണ്ടി ചെയ്യുകയില്ല. [52]പത്രൊസ് പിന്നെ വിവശതയിലായിരുന്നില്ല, അതുകൊണ്ട് ആശയ വിനിമയമാർഗ്ഗം വ്യക്യാസപ്പെട്ടു. കൊർന്നെല്യോസിനോട് "ഒരു ശബ്ദ" മായിട്ട് "ഒരു ദൂതനും" പത്രൊസിനോട് "പരിശുദ്ധാത്മാവും" സംസാരിച്ചതിൽ ഒരു പക്ഷെ പ്രാധാന്യമില്ലായിരിക്കാം. ഈ സംഭവങ്ങളിലെല്ലാം, *ദൈവ*മായിരുന്നു സംസാരിച്ചത് (10:20, 22, 28). [53]സാധാരണ യെഹൂദന്മാർ ജാതികളെ വീട്ടിലേക്കു ക്ഷണിച്ചിരുന്നില്ലെങ്കിലും, അതിഥി സൽക്കാരം ബൈബിൾ കാലത്തെ ജീവിതചര്യയായിരുന്നു. ആഹാരത്തിനും രാത്രി പാർപ്പാനും ക്ഷണിക്കുന്ന പൊതുസമ്പ്രദായം നിലവിലുണ്ടായിരുന്നു. [54]ആരെങ്കിലും നിമോന്റെ വീട്ടിൽ ഭക്ഷണം പാചകം ചെയ്തുകൊണ്ടിരുന്നേക്കാം (10:10). പത്രൊസ് ജാതികളോടുകൂടെ ഭക്ഷിച്ചിരുന്നു എന്ന കുറ്റാരോപണത്താൽ ഈ സംഭവവും ഉൾപ്പെട്ടേക്കാം (11:3). [55]കൊർന്നെല്യോസ് ഒരു പക്ഷേ ശക്തിയും വേഗതയുമുള്ള സന്ദേശവാഹകരെയായിരിക്കും തിരഞ്ഞെടുത്തിരിക്കുക. [56]ഏറ്റവും നല്ല "നടപ്പുകാരെ" കൊർന്നെല്യോസ് തിഞ്ഞെടുത്തു; പത്രൊസ് തിരഞ്ഞെടുത്തതും, ഏറ്റവും നല്ല "സാക്ഷികളെയാണ്" - അവരിൽ ചിലർ തീർച്ചയായും അറിയപ്പെട്ടവർ തന്നെ ആയിരുന്നേക്കാം. [57]ആ ആറുപേർ ഉടനെ യോപ്പയിലേക്കു മടക്കിയില്ല, അവർ പത്രൊസിനൊപ്പം യെരുശലേമിലേക്കുപോയി (11:12). കുറെ കാലം അവർ വീടും ജോലികളും വീട്ടു നിന്നു. [58]മറ്റൊരർത്ഥത്തിൽ, അവർ ചെയ്ത പ്രർത്തിക്കുവിമർശനം അവൻ കൈസര്യയിലേക്കുള്ള വഴിയിൽ കടന്നപ്പോൾ, ഒരു പക്ഷെ സംഭവിക്കാൻ പോകുന്നതു അറിഞ്ഞിരിക്കയില്ല, എന്നാൽ സംഭവിക്കുന്ന*തെന്തായാലും,* അതിനു വിശ്വസ്തരായ. സാക്ഷികൾ വേണമെന്ന് അവൻ കരുതി. [59]മിസ്രയിമിലേയും റോമിലെയും ചട്ടപ്രകാരം ഏഴു സാക്ഷികളുടെ പ്രാധാത്തെ വ്യാഖ്യാതാക്കൾ ചൂണ്ടിക്കാണിക്കാൻ ഇഷ്ട

പ്പെടുന്നു. *ഏഴു* സാക്ഷികൾ (പത്രോസും ആറു പുരുഷന്മാരും) ഉണ്ടായിരുന്നതിൽ എന്തെങ്കിലും പ്രാധാന്യം യെഹൂദർക്കുമുണ്ടെങ്കിൽ അതു “7” എന്ന സംഖ്യക്കാണ് (ഒരു “പൂർണ്ണ” സംഖ്യ) അല്ലാതെ അന്യദേവന്മാരെ വണങ്ങുന്നവർക്കുള്ളതല്ല. [60]ഈ ആശയം ബ്രിട്ടനിൽ നിന്നു സ്വീകരിച്ചതാണെന്നു ഞാൻ മനസിലാക്കുന്നു. നിയമങ്ങൾക്കായി അടുത്തകാലത്തു, അമേരിക്കൻ ആർമികൾ അങ്കിൾ സാമിന്റെ പോസ്റ്ററുകൾ പ്രത്യക്ഷപ്പെടുത്തുകയായി.

[61]ഹെർബെർട്ട് വി പ്രൊഖ്നൗ, *ദി ന്യൂ സ്പീക്കേഴ്സ് ട്രഷറി ഓഫ് വിറ്റ് ആന്റ് വിസ്ഡം* (ന്യൂയോർക്ക്: ഹാർപ്പെർ ആന്റ് ബ്രദേഴ്സ് പബ്ലിഷേഴ്സ്, 1958), 336. [62]ലെയനാർഫ് ലൂയിസ് ലെവിൻസൺ, *വെബ്സ്റ്റേഴ്സ് അൺ ഫ്രൈഡ് ഡിക്ഷ്ണറി* (ന്യൂയേർക്ക്: കോളിയർ ബുക്ക്സ്, 1967), 194.